**കേരള സർക്കാർ**

# നവകേരളം കർമപദ്ധതി
## പ്രവർത്തന റിപ്പോർട്ട്
## 2024 സെപ്റ്റംബർ

**&**

## ത്രൈമാസ അവലോകനം
## ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 34 |
| വിദ്യാകിരണം | 37 |
| ആർദ്രം മിഷൻ | 42 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 53 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ജൂൺ വരെ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ |
|---|---|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | | | 321 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 27,528 | 645 | 756 | 299 | 29,228 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 33853.8 | 832.8 | 635.7 | 552.4 | 35874.7 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3442 | 55 | 46 | 59 | 3602 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5061 | 46 | 49 | 51 | 5207 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 8680 | 155 | 129 | 112 | 9076 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 17392 | 163 | 139 | 114 | 17808 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 576 | 69 | 11 | 17 | 673 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 60367 | 1304 | 1919 | 1471 | 65,060 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | | | 657 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 253 | 26 | 26 | 16 | 321 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 214 | 1 | | | 215 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 1239.7 | 226.427 | 302.69 | 68.6 | 1837.417 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3366 | 77 | 60 | 18 | 3521 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 958.86 | 41.1 | 46.27 | 16.66 | 1062.89 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 7 | 1 | | | 8 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | | | 2349 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 605 | 46 | 145 | | 796 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | | | 118 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | | | 15000 |
| പരിശോധന നടത്തിയ സ്ഥാപനങ്ങൾ | 14451 | 739 | 453 | 309 | 15952 |
| ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | 9974 | 386 | 128 | 359 | 10847 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | | | 132 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 സെപ്റ്റംബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളും, 2024 ജൂലൈ മുതൽ സെപ്റ്റംബർ മാസം വരെയുള്ള ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ അവലോകനവും ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 132 |
| നെറ്റ്സീറോ-അംഗൻജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റനൻസിലുമുള്ള പരിശീലനം. | 109 |
| ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തി. നിലവിൽ 132 തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ 13% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശില്പശാല/യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടർ തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

| പ്രവർത്തനം നടന്ന മാസം | നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 121 | 472 | 453 | 2098 | 3023 | 0 | 0 | 0 | 0 | 275 | 1595 |
| ആഗസ്റ്റ് | 86 | 398 | 514 | 4081 | 4989 | 4 | 194 | 25 | 1841 | 333 | 2085 |
| സെപ്റ്റംബർ | 14 | 77 | 58 | 89 | 224 | 1 | 289 | 1 | 80 | 116 | 310 |
| ആകെ | 221 | 947 | 1025 | 6268 | 8236 | 5 | 483 | 26 | 1921 | 724 | 3990 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | | | | | | | | | | | |
| ജൂലൈ | 189 | 421 | 549 | 918 | 1888 | 0 | 0 | 0 | 0 | 672 | 2216 |
| ആഗസ്റ്റ് | 15 | 53 | 84 | 130 | 263 | 0 | 0 | 0 | 0 | 106 | 42 |
| സെപ്റ്റംബർ | 3 | 16 | 14 | 14 | 44 | 0 | 0 | 0 | 0 | 16 | 130 |
| ആകെ | 207 | 490 | 647 | 1062 | 2195 | 0 | 0 | 0 | 0 | 794 | 2388 |

- ❖ ആലപ്പുഴ ജില്ലയിൽ വയലാർ ഗ്രാമപഞ്ചായത്തിൽ കാർഷിക വകുപ്പിന്റെ ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി പ്ലാശ്ശേരി, പുഞ്ചിറ പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കാർഷിക വികസന മന്ത്രി പി. പ്രസാദ് സെപ്റ്റംബർ മാസം നിർവഹിച്ചു. ഒക്ടോബർ 2-നകം കൃഷിയാരംഭിക്കാനുള്ള തുടർ നടപടികൾ പുരോഗമിക്കുകയാണ്.
- ❖ ആലപ്പുഴ ജില്ലയിലെ പെരുമ്പലം ഗ്രാമപഞ്ചായത്തിൽ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തങ്ങൾ നടന്നു വരുന്നു. ഹരിത കർമ്മ സേന അംഗങ്ങൾ കേടുപാടുകൾ സംഭവിച്ച ബൾബുകൾ ശേഖരിക്കുന്നുണ്ട്. ശേഖരിച്ച ബൾബുകൾ എൽ.ഇ.ഡി. ക്ലിനിക് ആൻഡ് ബൾബ് നിർമ്മാണ യൂണിറ്റിൽ എത്തിച്ച് പുനരുപയോഗത്തിനു സാധ്യമാക്കുന്നു. ഇതിനുള്ള പരിശീലനം അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത്തരം പുനരുപയോഗ എൽ.ഇ.ഡി ബൾബുകൾ ഓരോ വീട്ടിലും കുറഞ്ഞ നിരക്കിൽ എത്തിച്ചു നൽകുന്നുണ്ട്.
- ❖ ആലപ്പുഴ ജില്ലയിലെ പെരുമ്പലം ഗ്രാമപഞ്ചായത്തിൽ ന്യൂ സൗത്ത് ജെട്ടി റോഡ് ജനകീയ സഹകരണത്തോടെ ശുചീകരിക്കുകയും വിവിധ വാർഡുകളിൽ പൊതു ശുചീകരണവും തോടുകളുടെ ഒഴുക്ക് സുഗമമാക്കലും നടത്തിയിട്ടുണ്ട്.

- എറണാകുളം ജില്ലയിൽ ഗോശ്രീ പദ്ധതിയുടെ ഭാഗമായി കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ 5, 8, 13 എന്നീ വാർഡുകളിൽ CUFOS-ലെ വിദ്യാർത്ഥികളുടെ സഹകരണത്തോടെ നെറ്റ് സീറോ വിലയിരുത്തൽ സർവ്വേ നടത്തി.
- പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരസഭ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിൽ അംഗമാകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രാഥമിക യോഗം ചേർന്ന് ക്യാമ്പയിൻ പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ ജില്ലാ-പഞ്ചായത്ത് തല കോർ കമ്മിറ്റി യോഗങ്ങൾ ഒക്ടോബർ മാസം ചേരുന്നതിനും കോർ ഗ്രൂപ്പ് അംഗങ്ങളുടെ ജില്ലാ തല ശിൽപശാല ഒക്ടോബർ മാസം അവസാന വാരം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഊർജ്ജ സംരക്ഷണ ബോധവൽകരണ ക്ലാസുകൾ ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റിന്റെ സഹായത്തോടുകൂടി എല്ലാ പഞ്ചായത്തുകളിലും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- കോഴിക്കോട് ജില്ലയിൽ വടകര നഗരസഭയിലെ 44 സ്കൂളുകളിൽ നിന്നുള്ള എൽ.പി, യു.പി വിദ്യാർത്ഥികൾക്ക് നെറ്റ് സീറോ കാർബൺ ബോധവത്കരണ ക്യാമ്പ് "മ്മളെ വടേരക്കായ്, ഞങ്ങളും കൂടി" സെപ്തംബർ മാസം ടൗൺ ഹാളിൽ നടന്നു. ഹരിത കേരളം മിഷനാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ വടകരയിലെ കുട്ടികൾ ഒരുമിക്കുന്നു എന്ന തീമിലായിരുന്നു നെറ്റ് സീറോ പഠനക്യാമ്പ് നടത്തിയത്. ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും നഗരസഭയുടെ ഗ്രീൻ അംബാസിഡർ സർട്ടിഫിക്കറ്റും കൈമാറി.
- കണ്ണൂർ ജില്ലയിൽ സെപ്റ്റംബർ മാസം എൽഇഡി ബൾബ് റിപ്പറിങ്ങിൽ പരിശീലനം ലഭിച്ച ഹരിതകർമസേന അംഗങ്ങളുടെ യോഗം കണ്ണൂർ ഡി.പി.സി ഹാളിൽ വെച്ച് ചേർന്നു. ജില്ലയിലെ 5 ഗ്രാമപഞ്ചായത്തുകളിൽ എൽഇഡി റിപ്പയറിങ് യൂണിറ്റുകൾ ആരംഭിച്ചു.
- കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിൽ സെപ്റ്റംബർ മാസം നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി തരിശ് രഹിത പഞ്ചായത്ത് പ്രവർത്തനത്തിന്റെ യോഗം നടന്നു.
- കണ്ണൂർ ജില്ലയിലാണ് നെറ്റ് സീറോ കാർബൺ പ്രവർത്തങ്ങളുടെ ഭാഗമായുള്ള ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ ഏറ്റവും അധികം നടന്നിട്ടുള്ളത്. ജില്ലയിൽ ആകെ നടന്ന 1293 ഊർജ്ജ സംരക്ഷണ ക്ലാസ്സുകളിൽ 29,246 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ സെപ്റ്റംബർ മാസം ഊർജ്ജ സംരക്ഷണ ക്ലാസ്സ് നടന്നു.
- കാസർഗോഡ് ജില്ലയിലെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ജില്ലാ-ഗ്രാമപഞ്ചായത്തുതല കോർഗ്രൂപ്പ് അംഗങ്ങളുടെ യോഗം സെപ്റ്റംബർ മാസം ഓൺലൈൻ വഴി ചേർന്നു. പച്ചത്തുരുത്ത് വ്യാപനം, ഊർജ്ജസംരക്ഷണം, ഗതാഗത മേഖലയിലെ ഊർജ്ജസംരക്ഷണം, മാലിന്യസംസ്കരണം, കാവ് സംരക്ഷണം, അംഗൻജ്യോതി പദ്ധതി തുടങ്ങിയവയെ കുറിച്ച് യോഗത്തിൽ ചർച്ച ചെയ്തു.
- കാസർഗോഡ് ജില്ലയിൽ പുതുതായി നെറ്റ് സീറോ ക്യാമ്പയിനിലേക്ക് ഉൾപ്പെടുത്തിയ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ സെപ്റ്റംബർ മാസം സംഘാടകസമിതി രൂപീകരണവും കോർഗ്രൂപ്പ് രൂപീകരണവും നടന്നു. കാമ്പയിനിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, സഹകരണസ്ഥാപനങ്ങൾ, പൊതുഇടങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ എമിഷൻ കണക്കാക്കുന്നതിനുള്ള സർവ്വെ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനങ്ങൾ (എണ്ണം) | ജൂൺ വരെ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ |
| നിർമിച്ച കിണറുകൾ | 17392 | 163 | 139 | 114 | 17808 |
| നിർമിച്ച കുളങ്ങൾ | 5061 | 46 | 49 | 51 | 5207 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം (കിമീ) | 33853.8 | 832.92 | 635.68 | 552.36 | 35874.76 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | 3442 | 55 | 46 | 59 | 3602 |
| റീചാർജ് ചെയ്ത കിണറുകൾ | 8680 | 155 | 129 | 112 | 9076 |

സർക്കാരിന്റെ തീരുമാനമനുസരിച്ച് 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും വാഗ്ദാനം നൽകിയിരുന്നു.

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 35874.76 കിലോമീറ്റർ നീർച്ചാലുകളും 3602 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 81610.76 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5207 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 673 സ്ഥിരം തടയണകളും 65060 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

| ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2024 സെപ്റ്റംബർ മാസം വരെ) | | | | | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
| തിരുവനന്തപുരം | 5169.48 | 579 | 460 | 818 | 3136 | 94 | 14473 |
| കൊല്ലം | 4255.07 | 192 | 441 | 686 | 3411 | 8 | 14886 |
| പത്തനംതിട്ട | 1481.89 | 175 | 201 | 557 | 894 | 27 | 4130 |
| ആലപ്പുഴ | 1504.12 | 79 | 47 | 206 | 280 | 18 | 1394 |
| കോട്ടയം | 1377.99 | 56 | 255 | 448 | 567 | 18 | 1885 |
| ഇടുക്കി | 1504.29 | 202 | 215 | 276 | 311 | 53 | 1428 |
| എറണാകുളം | 2698.38 | 170 | 290 | 823 | 516 | 22 | 0 |
| തൃശൂർ | 1732.33 | 140 | 131 | 366 | 1012 | 12 | 42 |
| പാലക്കാട് | 6365.48 | 735 | 848 | 614 | 1493 | 16 | 10415 |
| മലപ്പുറം | 1532.46 | 308 | 461 | 182 | 1925 | 88 | 1032 |
| കോഴിക്കോട് | 1879.88 | 204 | 171 | 403 | 1014 | 45 | 237 |
| വയനാട് | 1980.67 | 86 | 751 | 109 | 360 | 94 | 1825 |
| കണ്ണൂർ | 2632.68 | 517 | 506 | 2750 | 1524 | 109 | 10662 |
| കാസർഗോഡ് | 1760.06 | 159 | 430 | 838 | 1365 | 69 | 2651 |
| ആകെ | 35874.76 | 3602 | 5207 | 9076 | 17808 | 673 | 65060 |

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു

നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9076 കിണറുകൾ റീർച്ചാർജ്ജ് ചെയ്യുകയും, 17808 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3411 എണ്ണം), തിരുവനന്തപുരം (3136 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2750).

ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി സെപ്റ്റംബർ മാസത്തിൽ 552.358 കിലോമീറ്റർ നീർച്ചാലുകളും 59 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 51 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെപ്റ്റംബർ മാസത്തിൽ 112 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 114 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി സെപ്റ്റംബർ മാസത്തിൽ 17 സ്ഥിരം തടയണകളും 1471 താൽക്കാലിക തടയണകളും നിർമ്മിച്ചു.

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

- ❖ ആലപ്പുഴ ജില്ലയിൽ ആര്യാട്, എടത്വ, തകഴി, ആല, ബുധനൂർ, കാർത്തികപ്പള്ളി, കരുവാറ്റ, കുമാരപുരം, ചെറുതന, തൃക്കുന്നപ്പുഴ, പള്ളിപ്പാട് എന്നിവിടങ്ങളിലായി 22.365km നീളത്തിൽ 107 നീർച്ചാലുകളും കരുവാറ്റ, കുമാരപുരം, തൃക്കുന്നപ്പുഴ, പള്ളിപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ 12 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ നഗരസഭ, പാണ്ടനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലായി 6 കിണറുകളും വെൺമണി, ചുനക്കര, നൂറനാട്, ഭരണിക്കാവ്, വള്ളികുന്നം എന്നിവിടങ്ങളിലായി 749 താൽക്കാലിക തടയാണകൾ നിർമ്മിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ സെപ്തംബർ മാസം തോട് ആഴം കൂട്ടി കയർ ഭൂവസ്ത്രം വിരിക്കൽ, തരിശുഭൂമി കൃഷിയോഗ്യമാക്കൽ തുടങ്ങി മറ്റ് 25 പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.
- ❖ തൃശൂർ ജില്ലയിൽ 19.51 കി.മി നീളത്തിൽ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു ഇതോടൊപ്പം ഒരു കുളം, 4 കിണറുകളും നിർമിച്ചിട്ടുണ്ട്. 3 കിണറുകൾ റീചാർജ് ചെയ്തു.
- ❖ മലപ്പുറം ജില്ലയിൽ 54 തദ്ദേശ സ്ഥാപനങ്ങളിൽ 141.07 കിലോമീറ്റർ തോടുകൾ നവീകരിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 243 നീർച്ചാലുകൾ (30.7 കി.മീ) പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം 13 കുളങ്ങളും 11 കിണറുകളും പുതിയ റിപ്പോർട്ട് മാസം നിർമിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ സെപ്റ്റംബർ മാസം ജില്ലയിൽ 24 നീർച്ചാലുകൾ 9.89 കി.മീ. നീളത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുജ്ജീവനം നടത്തിയിട്ടുണ്ട്. കൂടാതെ ഒരു കുളം പുനരുജ്ജീവനം നടത്തുകയും 2 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തു. ഒരു കിണർ നിർമ്മാണവും 13 കിണറുകളുടെ റീചാർജ്ജിംഗും നടത്തിയിട്ടുണ്ട്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 227 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 321 തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ 2024 സെപ്റ്റംബർ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് - രണ്ടാം ഘട്ടം തിരഞ്ഞെടുത്തത് | | | |
|---|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | വിവര ശേഖരണം പൂർത്തിയായത് | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 65 | 16 | 0 |
| കൊല്ലം | 47 | 31 | 27 |
| പത്തനംതിട്ട | 10 | 10 | 0 |
| ആലപ്പുഴ | 11 | 11 | 2 |
| കോട്ടയം | 63 | 28 | 1 |
| ഇടുക്കി | 23 | 19 | 7 |
| എറണാകുളം | 31 | 15 | 5 |
| തൃശൂർ | 27 | 12 | 9 |
| പാലക്കാട് | 42 | 41 | 23 |
| മലപ്പുറം | 87 | 30 | 9 |
| കോഴിക്കോട് | 67 | 67 | 59 |
| വയനാട് | 21 | 21 | 21 |
| കണ്ണൂർ | 33 | 32 | 31 |
| കാസർഗോഡ് | 36 | 36 | 33 |
| ആകെ | 563 | 369 | 227 |

335 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 657 ഗ്രാമ പഞ്ചായത്തുകളിലും (63.44%) ജലബജറ്റ് തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- ❖ കൊല്ലം ജില്ലയിലെ 47 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജലബജറ്റ് തയ്യാറാക്കുന്നതിനായി നിലവിൽ തിരഞ്ഞെടുത്തിട്ടുള്ളത്. ജില്ലയിൽ ബാക്കിയുള്ള മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ ജലബജറ്റ് തയ്യാറാക്കുന്നതിനായുള്ള പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ റാന്നി ബ്ലോക്കിൽ റാന്നി, റാന്നി അങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലബജറ്റ് പ്രകാശനം നടന്നു.
- ❖ ആലപ്പുഴ ജില്ലയിൽ തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ 5 പഞ്ചായത്തുകളുടെയും കരട് റിപ്പോർട്ട് തയ്യാറാക്കി ടെക്നിക്കൽ കമ്മിറ്റിയിലേക്ക് അവതരിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ കരട് റിപ്പോർട്ട് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ചു. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ജല ബഡ്ജറ്റ് ഒക്ടോബർ മാസം അവസാനത്തോടെ പ്രകാശനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

- ❖ കോട്ടയം ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്തിലും ഡാറ്റാ കളക്ഷൻ നിലവിൽ 75% പൂർത്തീകരിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലെ റിപ്പോർട്ട് തയ്യാറാക്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. മണക്കാട്, കുമിളി, ഉടുമ്പന്നൂർ, ശാന്തൻപാറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവരശേഖരണം നടന്നു വരുന്നു.
- ❖ തൃശ്ശൂർ ജില്ലയിൽ പഞ്ചായത്ത് ഹാളിൽ ചേർന്ന ജല ബജറ്റ് ബ്ലോക്ക് തല ശില്പശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.
- ❖ പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിന്റെയും ബ്ലോക്ക് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റ് റിപ്പോർട്ട് പ്രകാശനം 2024 സെപ്തംബർ മാസം തരൂർ എം. എൽ. എ., പി. പി. സുമോദ് നിർവ്വഹിച്ചു.
- ❖ പാലക്കാട് ജില്ലയിലെ ജലദൗർലഭ്യത്തിന്റെ സൂചികയായ ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്കിലെയും സെമി ക്രിട്ടിക്കൽ സോണിലുള്ള പട്ടാമ്പി ബ്ലോക്കിലെയും ജലബജറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പട്ടാമ്പി ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളിൽ പ്രാഥമിക വിവരശേഖരണം പൂർത്തീകരിച്ച് ഡാറ്റ എൻട്രി ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കി. മലമ്പുഴ ബ്ലോക്കിലെ 4 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്തതല സാങ്കേതിക സമിതി നടത്തി വിവരശേഖരണവും കരട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു.
- ❖ മലപ്പുറം ജില്ലയിൽ വേനൽക്കാലത്ത് ശുദ്ധജലക്ഷാമാവും വരൾച്ചയും അതിജീവിക്കുന്നതിനുമായി പൊന്നാനി ബ്ലോക്ക് പഞ്ചായത്തിന്റെ ജലബജറ്റ് തവനൂർ MLA ഡോ. കെ.ടി ജലീൽ പ്രകാശനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന എടപ്പാൾ, കാലടി, തവനൂർ, വട്ടംകുളം ഗ്രാമപഞ്ചായത്തുകളിലെ ജല ബജറ്റിന്റെ പ്രകാശനവും ഇതോടൊപ്പം നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ ജലബജറ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രകാശനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ ധർമ്മടം, കുഞ്ഞിമംഗലം, രാമന്തളി, പെരിങ്ങോം വയക്കര, ചെറുപുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സെപ്റ്റംബർ മാസം ജലബജറ്റ് പ്രകാശനം നടന്നു. കോട്ടയം, കൂടാളി, പായം, അഴീക്കോട്, മാടായി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഒക്ടോബർ മാസം ജലബജറ്റ് പ്രകാശനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 157 | 897 | 1322 | 486 | 2705 | 5 | 118 | 13 | 133 | 783 | 848 |
| ആഗസ്റ്റ് | 108 | 512 | 653 | 300 | 1423 | 0 | 0 | 8 | 401 | 534 | 944 |
| സെപ്റ്റംബർ | 49 | 271 | 244 | 1001 | 1516 | 0 | 0 | 0 | 0 | 231 | 338 |
| ആകെ | 314 | 1680 | 2219 | 1787 | 5644 | 5 | 118 | 21 | 534 | 1548 | 2130 |

- ❖ കാസർഗോഡ് ജില്ലയിൽ ജലബജറ്റ് തയ്യാറായിക്കിയത് ജില്ലാ സാങ്കേതിക സമിതി പരിശോധിച്ചു വരുന്നു. ജലസംരക്ഷണം ജില്ലാതല ആക്ഷൻ പ്ലാനും സമിതിയുടെ പരിശോധനയിലാണ്.

കാസർഗോഡ് ബ്ലോക്ക് ജലബജറ്റ് തയ്യാറായിട്ടുണ്ട്. ഒക്ടോബർ മാസം നവകേരളം കർമ്മപദ്ധതി 2 സംസ്ഥാന കോർഡിനേറ്റർ ഡോ. ടി എൻ സീമ റിപ്പോർട്ട് പ്രകാശനം ചെയ്യും.

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) യുടെ സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 215 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - സെപ്റ്റംബർ 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 153 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

- ❖ മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 153 തദ്ദേശസ്ഥാപനങ്ങളിലും പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 110 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.
- ❖ മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി സെപ്റ്റംബർ മാസം 68.6 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 110 ഗ്രാമപഞ്ചായത്തുകളിലായി 1837.417 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

**സുരക്ഷിതമാക്കാം പശ്ചിമഘട്ടം - പ്രവർത്തന പുരോഗതി**

| ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| ജില്ലകൾ | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് സെപ്റ്റംബർ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 3.6 | 378.286 |

| | | | | | | | |
|---|---|---|---|---|---|---|---|
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 17 | 50.38 |
| കോട്ടയം | 32 | 32 | 32 | 30 | 0 | 0 | 57.5 |
| ഇടുക്കി | 49 | 34 | 26 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 15 | 13 | 39.2 | 275.3 |
| പാലക്കാട് | 51 | 51 | 51 | 40 | 40 | 0 | 853.601 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 0 | 2.15 |
| വയനാട് | 26 | 26 | 26 | 22 | 26 | 4 | 67.3 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 4.8 | 152.9 |
| ആകെ | 230 | 215 | 207 | 153 | 110 | 68.6 | 1837.417 |

❖ എറണാകുളം (39.2km), പത്തനംതിട്ട (17km), കണ്ണൂർ (4.8km), വയനാട് (4km), കൊല്ലം (3.6km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം സെപ്റ്റംബർ മാസത്തിൽ നടന്നത്.

| മാപ്പത്തോൺ ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ- തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി | | | |
| | | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| ജൂലൈ വരെ | 230 | 214 | 207 | 150 | 1466.13 |
| ആഗസ്റ്റ് വരെ | | 215 | 207 | 153 | 1768.82 |
| സെപ്റ്റംബർ വരെ | | | | | 1837.42 |

❖ കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകളിലും നീർച്ചാലുകൾ വീണ്ടെടുക്കൽ പ്രവർത്തനം പുരോഗമിക്കുന്നു. സെപ്തംബർ മാസം 3.6 കി.മീ. നീർച്ചാൽ ശ്യംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 7 ഗ്രാമപഞ്ചായത്തുകളിലായി 378.286 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

| പ്രവർത്തനം നടന്ന മാസം | മാപ്പത്തോൺ ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 30 | 212 | 114 | 55 | 381 | 0 | 0 | 0 | 0 | 87 | 312 |
| ആഗസ്റ്റ് | 7 | 26 | 41 | 31 | 98 | 1 | 32 | 0 | 0 | 12 | 23 |
| സെപ്റ്റംബർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 18 | 126 |
| ആകെ | 37 | 238 | 155 | 86 | 479 | 1 | 32 | 0 | 0 | 117 | 461 |

❖ പാലക്കാട് ജില്ലയിൽ മാപ്പത്തോൺ രണ്ടാം ഘട്ടം അവതരണം പൂർത്തിയാക്കാൻ ബാക്കിയുള്ള 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒക്ടോബർ മാസത്തിൽ അവതരണം നടത്തുന്നതാണ്. മാപ്പത്തോണിൽ കണ്ടെത്തിയ മുഴുവൻ നീർച്ചാലുകളും ആക്ഷൻ പ്ലാനിൽ ഉൾപെടുത്തി പുനരുജ്ജീവന പ്രവർത്തനം വ്യാപിപ്പിക്കുന്നതിനു വേണ്ട ഇടപെടൽ നടത്തി വരുന്നുണ്ട്. നാളിതുവരെ 40 ഗ്രാമപഞ്ചായത്തുകളിലായി 853.60 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു.

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

| നീരുറവ് പ്രവർത്തന പുരോഗതി - സെപ്റ്റംബർ മാസം | | | | | |
|---|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | നീരുറവ് പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 8 | 763 | 649 | 85.06% |
| കൊല്ലം | 12 | 12 | 13535 | 13531 | 99.97% |
| പത്തനംതിട്ട | 23 | 23 | 1651 | 482 | 29.19% |
| ആലപ്പുഴ | 5 | 5 | 156 | 81 | 51.92% |
| കോട്ടയം | 36 | 36 | 2450 | 2450 | 100.00% |
| ഇടുക്കി | 47 | 47 | 1258 | 841 | 66.85% |
| എറണാകുളം | 34 | 34 | 2406 | 1764 | 73.32% |
| തൃശൂർ | 8 | 8 | 124 | 111 | 89.52% |
| പാലക്കാട് | 66 | 66 | 7586 | 7586 | 100.00% |
| മലപ്പുറം | 7 | 7 | 298 | 274 | 91.95% |
| കോഴിക്കോട് | 24 | 24 | 846 | 400 | 47.28% |
| വയനാട് | 26 | 26 | 632 | 618 | 97.78% |
| കണ്ണൂർ | 23 | 23 | 2106 | 2106 | 100.00% |
| കാസർഗോഡ് | 5 | 5 | 500 | 479 | 95.80% |
| ആകെ | 324 | 324 | 34311 | 31372 | 91.43% |

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 324 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തെ 324 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റടുത്ത 34311 നീരുറവു പ്രവർത്തനങ്ങളിൽ 31372 പ്രവർത്തനങ്ങൾ (91.43%) പൂർത്തീകരിച്ചു.
- ❖ നീരുവുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു പൂർത്തീകരിച്ചത് കൊല്ലം ജില്ലയാണ്. കൊല്ലം ജില്ലയിൽ ഏറ്റടുത്ത 13535 പ്രവർത്തനങ്ങളിൽ 13531 പൂർത്തീകരിച്ചു.

| നീരുറവ് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| നീരുറവ് പ്രവർത്തനങ്ങൾ | ജൂൺ വരെ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ |
| ഏറ്റടുത്ത പ്രവർത്തനങ്ങൾ | 20037 | 9777 | 2448 | 2049 | 34311 |

| | | | | | |
|---|---|---|---|---|---|
| പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | 17399 | 9617 | 2304 | 2052 | 31372 |

- പാലക്കാട് ഏറ്റടുത്ത 7586 പ്രവർത്തനങ്ങളിൽ 7586 എണ്ണവും, കണ്ണൂർ ജില്ലയിൽ 2106 പ്രവർത്തനങ്ങളിൽ 2106 എണ്ണവും, കോട്ടയം ജില്ലയിൽ 2450 പ്രവർത്തനങ്ങളിൽ 2450 എണ്ണവും പൂർത്തീകരിച്ചു.
- എറണാകുളം ജില്ലയിലും (2406), പത്തനംതിട്ട ജില്ലയിലും (1651), ഇടുക്കി ജില്ലയിലും (1258) കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റടുത്തിട്ടുണ്ട്.
- കൊല്ലം ജില്ലയിൽ മാപ്പത്തോൺ നടന്ന ഗ്രാമപഞ്ചായത്തും ജലബജറ്റ് ആദ്യഘട്ടത്തിൽ പൂർത്തീകരിച്ചതുമായ 12 ഗ്രാമപഞ്ചായത്തുകളിൽ നീരുറവ് ഡി.പി.ആറിൽ ഉൾപ്പെട്ട 13531 ജലസംരക്ഷണ പ്രവൃത്തികൾ സെപ്തംബർ മാസം വരെ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ 1166 പ്രവൃത്തികളാണ് സെപ്തംബർ മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളത്
- പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇനി ഞാൻ ഒഴുക്കട്ടെ ക്യാമ്പയിൻ ഫലപ്രദമാക്കുന്നതിനു അഡീഷണൽ ആക്ഷൻ പ്ലാൻ രൂപീകരിച്ച് പദ്ധതി കാര്യക്ഷമമാക്കുന്നതിനു വേണ്ടി നീരുറവ് ജില്ലാ തല സാങ്കേതിക സമിതി യോഗം ഒക്ടോബർ മാസത്തിൽ വിളിച്ച് ചേർക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

| പ്രവർത്തനം നടന്ന മാസം | നീരുറവ് ത്രൈമാസ അവലോകനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 41 | 155 | 224 | 130 | 509 | 0 | 0 | 0 | 0 | 116 | 236 |
| ആഗസ്റ്റ് | 36 | 77 | 114 | 68 | 259 | 0 | 0 | 0 | 0 | 126 | 267 |
| സെപ്റ്റംബർ | 8 | 16 | 64 | 12 | 92 | 0 | 0 | 0 | 0 | 35 | 18 |
| ആകെ | 85 | 248 | 402 | 210 | 860 | 0 | 0 | 0 | 0 | 277 | 521 |

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

സെപ്റ്റംബർ മാസം വരെ ആകെ 321 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 238 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 213 ഹയർ സെക്കൻഡറി സ്കൂളുകളിൽ

ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. സെപ്റ്റംബർ മാസത്തെ 299 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 29,228 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

| ജലഗുണനിലവാര നിർണ്ണയ ലാബ് ത്രൈമാസ അവലോകനം | | | | | | |
|---|---|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | | |
| | | ജൂൺ വരെ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ |
| തിരുവനന്തപുരം | 13 | 1,505 | 13 | 5 | 24 | 1,547 |
| കൊല്ലം | 11 | 1,138 | 65 | 5 | 5 | 1,213 |
| പത്തനംതിട്ട | 21 | - | - | 25 | 0 | 25 |
| ആലപ്പുഴ | 28 | 789 | 28 | 1 | 58 | 876 |
| കോട്ടയം | 31 | - | - | 125 | 35 | 160 |
| ഇടുക്കി | 35 | 2,133 | 76 | 86 | 17 | 2,312 |
| എറണാകുളം | 54 | - | - | 113 | 1 | 114 |
| തൃശൂർ | 54 | 17,742 | 286 | 91 | 40 | 18,159 |
| പാലക്കാട് | 12 | 188 | 23 | 2 | 1 | 214 |
| മലപ്പുറം | | | | | | |
| കോഴിക്കോട് | 29 | 1,893 | 84 | 1 | 0 | 1,978 |
| വയനാട് | | | | | | |
| കണ്ണൂർ | 21 | 1,584 | 1 | 181 | 0 | 1,766 |
| കാസർഗോഡ് | 12 | 556 | 69 | 121 | 118 | 864 |
| ആകെ | 321 | 27,528 | 645 | 756 | 299 | 29,228 |

- കൊല്ലം ജില്ലയിൽ ലാബിലേക്ക് കിറ്റ്, കെമിക്കൽ എന്നിവ വാങ്ങുന്നതിനുള്ള പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- പത്തനംതിട്ട ജില്ലയിൽ കോന്നി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ജലഗുണനിലവാര ലാബുമായി ബന്ധപ്പെട്ട് അധ്യാപകർക്കുള്ള പരിശീലനം നൽകി.
- എറണാകുളം ജില്ലയിൽ CWRDM മണിമലക്കുന്ന് സബ്സെന്ററിൽ ജല ഗുണനിലവാര പരിശോധനാ ലാബിന്റെ ഉദ്ഘാടനവും സെമിനാറും MLA അഡ്വക്കേറ്റ് അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു. ഹരിത കേരള മിഷൻ സംഘടിപ്പിച്ച ഈ പരിപാടിയിൽ സമീപ പ്രദേശത്തെ മൂന്ന് സ്കൂളിലെ കുട്ടികൾ പങ്കെടുക്കുകയും പരിശീലനം നേടുകയും ചെയ്തു.
- തൃശൂർ ജില്ലയിൽ 25 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജലസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്കൂളിന് ഒരു വർഷത്തേക്ക് 500 ടെസ്റ്റുകൾ നടത്തുന്നതിന് വേണ്ട പരിശോധന കിറ്റുകൾ വാങ്ങുന്നതിന് ഏകദേശം 20,000 രൂപ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഫണ്ട് വകയിരുത്തിയിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ ലാബ് സ്ഥാപിച്ചിട്ടുള്ള 10 സ്കൂളുകളിലും 2024 സെപ്തംബർ മാസത്തിൽ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് കെമിക്കലുകൾ ലഭ്യമാക്കി. ജലഗുണ നിലവാര പരിശോധന ആരംഭിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ നെന്മാറ, ഒറ്റപ്പാലം, തൃത്താല നിയോജക മണ്ഡലങ്ങളിലെ പുതിയതായി ആരംഭിക്കുന്ന ലാബുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടി ക്രമങ്ങൾ സെപ്റ്റംബർ മാസം പൂർത്തിയാക്കുന്നതാണ്.
- കണ്ണൂർ ജില്ലയിൽ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ 13 ഹയർ

സെക്കണ്ടറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളോട് ചേർന്ന് ജലഗുണനിലവാര നിർണ്ണയ ലാബുകൾ നിർമാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിനു തയ്യാറായിട്ടുണ്ട്.

- കാസർഗോഡ് ജില്ലയിൽ പിലിക്കോട് സ്കൂളിൽ ഒക്ടോബർ മാസം ക്യാമ്പയിൻ നടത്തി പരിശോധന നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ഉദുമ, പട്ട്ള എന്നിവിടങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

## 7. പച്ചത്തുരുത്തുകൾ

- 2019 ജൂൺ മുതൽ 2024 സെപ്റ്റംബർ വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1062.89 ഏക്കർ ആകെ വിസ്തൃതിയിൽ 3521 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- 2024 സെപ്റ്റംബർ മാസത്തിൽ മാത്രം സംസ്ഥാനത്തു 16.66 ഏക്കർ ആകെ വിസ്തൃതിയിൽ 18 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്ത് ത്രൈമാസ വിലയിരുത്തൽ | | | | | |
|---|---|---|---|---|---|
| സ്ഥാപിച്ച പച്ചത്തുരുത്തുകൾ | ജൂൺ വരെ | ജൂലൈ | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ |
| എണ്ണം | 3366 | 77 | 60 | 18 | 3521 |
| വിസ്തൃതി (ഏക്കർ) | 958.86 | 41.1 | 46.27 | 16.66 | 1062.89 |
| റീവിസിറ്റ് | | 106 | 108 | 24 | |

### പച്ചത്തുരുത്തുകൾ-ജില്ലാ തലം

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ആഗസ്റ്റ് വരെ | | 2024 സെപ്റ്റംബർ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 സെപ്റ്റംബർ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 498 | 59.44 | 5 | 2.92 | 503 | 62.36 |
| കൊല്ലം | 284 | 46.03 | 0 | 0 | 284 | 46.03 |
| പത്തനംതിട്ട | 186 | 34.46 | 0 | 0 | 186 | 34.46 |
| ആലപ്പുഴ | 94 | 21.68 | 0 | 0 | 94 | 21.68 |
| കോട്ടയം | 276 | 32.87 | 0 | 0 | 276 | 32.87 |
| ഇടുക്കി | 69 | 22.89 | 3 | 1.75 | 72 | 24.64 |
| എറണാകുളം | 146 | 20.20 | 0 | 0 | 146 | 20.20 |
| തൃശ്ശൂർ | 196 | 37.73 | 1 | 2.0 | 197 | 39.73 |
| പാലക്കാട് | 337 | 127.05 | 1 | 0.4 | 338 | 127.45 |
| മലപ്പുറം | 148 | 75.79 | 1 | 0.1 | 149 | 75.89 |
| കോഴിക്കോട് | 222 | 51.34 | 0 | 0 | 222 | 51.34 |
| വയനാട് | 70 | 23.16 | 0 | 0 | 70 | 23.16 |
| കണ്ണൂർ | 190 | 284.71 | 7 | 9.49 | 197 | 294.20 |
| കാസർഗോഡ് | 787 | 208.88 | 0 | 0 | 787 | 208.88 |
| ആകെ | 3503 | 1046.24 | 18 | 16.66 | 3521 | 1062.90 |

- വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (294.20 ഏക്കർ ആകെ വിസ്തൃതിയിൽ 197 പച്ചതുരുത്തുകൾ).
- എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (208.88 ഏക്കർ ആകെ വിസ്തൃതിയിൽ 787 പച്ചതുരുത്തുകൾ).
- പാലക്കാട് (127.45 ഏക്കർ ആകെ വിസ്തൃതിയിൽ 338 പച്ചതുരുത്തുകൾ), മലപ്പുറം (75.89 ഏക്കർ ആകെ വിസ്തൃതിയിൽ 149 പച്ചതുരുത്തുകൾ) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

- സെപ്റ്റംബർ മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കണ്ണൂർ ജില്ലയിലാണ് (9.49 ഏക്കർ ആകെ വിസ്തൃതിയിൽ 7 പച്ചത്തുരുത്തുകൾ). തിരുവനന്തപുരം ജില്ലയിൽ 2.92 ഏക്കർ ആകെ വിസ്തൃതിയിൽ 5 പച്ചത്തുരുത്തുകളും, ഇടുക്കി ജില്ലയിൽ 1.75 ഏക്കർ ആകെ വിസ്തൃതിയിൽ 3 പച്ചത്തുരുത്തുകളും തൃശ്ശൂർ ജില്ലയിൽ 2 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, പാലക്കാട് ജില്ലയിൽ 0.40 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, മലപ്പുറം ജില്ലയിൽ 0.10 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും സെപ്റ്റംബർ മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.
- സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സെപ്റ്റംബർ മാസത്തിൽ 24 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 4 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 80 തൈകൾ ആവശ്യമായി വന്നു.
- കൊല്ലം ജില്ലയിൽ കെ.എം.എം.എൽ-ലെ 30 ഏക്കറിൽ പുതിയതായി പച്ചത്തുരുത്ത് ആരംഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ഉദ്ഘാടനത്തിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.
- എറണാകുളം ജില്ലയിൽ മുവാറ്റുപുഴ വാലി കനാലിനു ഇരു വശത്തും അലങ്കാര വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനായി സ്ഥലം കണ്ടെത്തി. കലൂർ പേരണ്ടൂർ കനാലിന് തീരത്ത് ആരംഭിച്ച പച്ചത്തുരുത്ത് റീ വിസിറ്റ് നടത്തി.
- പാലക്കാട് ജില്ലയിൽ സർക്കാർ ഓഫീസുകൾ / സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്ന ഓഫീസുകളുടെ പരിസര പ്രദേശങ്ങളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി സ്ഥലങ്ങൾ കണ്ടെത്താൻ വേണ്ടി ജില്ലയിൽ 491 ഓഫീസുകളിൽ സർവ്വേ പൂർത്തീകരിച്ചു. അതിൽ 98 സ്ഥാപനങ്ങളിലായി 1213.5 സെന്റ് സ്ഥലം പച്ചത്തുരുത്തിനായി കണ്ടെത്തി.
- പാലക്കാട് ജില്ലയിൽ ഖാദി ബോർഡിന്റെ ഭാഗമായി കണ്ടെത്തിയ സ്ഥലങ്ങളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനു ആവശ്യമായ നടപടികൾ ഒക്ടോബർ മാസത്തിൽ പൂർത്തിയാക്കുന്നതാണ്.
- മലപ്പുറം ജില്ലയിൽ ആലംകോട് ഗ്രാമപഞ്ചായത്തും, അസ്സബാഹ് കോളേജ് എൻഎസ്എസ് യൂണിറ്റും സംയുക്തമായി അസ്സബാഹ് കോളേജിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചു. നിലവിൽ 10 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് ഒരുക്കിയിരിക്കുന്നത്. റംബൂട്ടാൻ, ചാമ്പക്ക, അരിനെല്ലി, മാവ്, പ്ലാവ്, സീതപഴം, തുടങ്ങി 25 തൈകളാണ് ഇവിടെ നട്ടിരിക്കുന്നത്.
- **വയനാട് ജില്ലയിൽ** പൂതാടി ഗ്രാമപഞ്ചായത്തിലെ വെള്ളിമല ക്ഷേത്രത്തിന്റെ ചുറ്റിലുമായി 20 സെന്റ് സ്ഥലത്ത് ഉള്ള കാവ് പച്ചത്തുരുത്ത് റീ വിസിറ്റ് നടത്തി. അന്യം നിന്നുകൊണ്ടിരിക്കുന്ന കമ്പകം, കരിഞൊട്ട, നെയ്ത്താലി, ഇടിഞ്ഞിൽ, മലയശോകം മുതലായ വൈവിധ്യങ്ങളായ വൃക്ഷങ്ങൾ ഇവിടെ പരിപാലിക്കപ്പെടുന്നുണ്ട്.
- കാസർഗോഡ് ജില്ലയിൽ പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്ന സ്ഥാപനങ്ങളിൽ പച്ചത്തുരുത്തിനുള്ള സാധ്യത സർവ്വെ 151 സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്. അതിൽ 64 സ്ഥാപനങ്ങളിലായി 1635 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. 143 സെന്റ് സ്ഥലം സെപ്റ്റംബർ മാസം കണ്ടെത്തിയവയാണ്.

**പച്ചത്തുരുത്ത് ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 40 | 192 | 482 | 328 | 1002 | 3 | 110 | 0 | 0 | 165 | 555 |
| ആഗസ്റ്റ് | 128 | 208 | 370 | 980 | 1549 | 0 | 0 | 0 | 0 | 1125 | 1608 |
| സെപ്റ്റംബർ | 46 | 117 | 141 | 200 | 456 | 0 | 0 | 0 | 0 | 116 | 1116 |
| ആകെ | 214 | 517 | 993 | 1508 | 3007 | 3 | 110 | 0 | 0 | 1406 | 3279 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 9 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 9 | 3040 | 2349 | 796 |

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം സെപ്റ്റംബർ മാസം വരെ 2349 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 796 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം (230), കാസർഗോഡ് (163), കണ്ണൂർ (125), പത്തനംതിട്ട (60), കൊല്ലം (59), തൃശ്ശൂർ (59), വയനാട് (52) എന്നീ ജില്ലകളാണ്.

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ ആലപ്പുഴ ജില്ലയിൽ കരുവാറ്റ ഗ്രാമപഞ്ചായത്ത് 1, 14 എന്നീ വാർഡുകളിലെ ഹരിത സമൃദ്ധി ക്യാമ്പയിനായുള്ള വിത്ത് വിതരണ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ കോട്ടയം ജില്ലയിൽ ഉഴവൂർ ബ്ലോക്കിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിനെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിക്കാൻ സജ്ജമാണ്.

| കാർഷിക മേഖല - ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 48 | 83 | 188 | 135 | 406 | 0 | 0 | 0 | 0 | 64 | 229 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ആഗസ്റ്റ് | 75 | 246 | 348 | 632 | 1201 | 0 | 0 | 0 | 0 | 234 | 827 |
| സെപ്റ്റംബർ | 28 | 70 | 107 | 147 | 314 | 0 | 0 | 0 | 0 | 60 | 126 |
| ആകെ | 151 | 399 | 643 | 914 | 1921 | 0 | 0 | 0 | 0 | 358 | 1182 |

- എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ, ഡിവിഷൻ 57 പണ്ടാരച്ചിറ റസിഡൻസ് അസോസിയേഷനും കർഷക സംഘവും സംയുക്തമായി മാലിന്യം കൂട്ടിയിട്ടിരിക്കുന്ന സ്ഥലം വൃത്തിയാക്കി വാഴ കൃഷി ചെയ്തു.
- എറണാകുളം ജില്ലയിൽ കരുമാലൂർ FMCT സ്കൂൾ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷൻ, കരുമാലൂർ കൃഷിഭവൻ എന്നിവരുടെ സഹകരണത്തോടെ നടത്തിയ ബന്ദിപ്പൂക്കൃഷിയുടെ വിളവെടുപ്പ് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.
- പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിലെ കോട്ടായി ഗ്രാമപഞ്ചായത്തിനെ തരിശു രഹിത ഗ്രാമമായി തരൂർ എം.എൽ.എ, കോട്ടായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു സർട്ടിഫിക്കറ്റ് നൽകി പ്രഖ്യാപനം നടത്തി. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ 71 ഏക്കർ തരിശ് ഭൂമിയിൽ 66 ഏക്കർ കൃഷിയോഗ്യമാക്കി. പഞ്ചായത്തിലെ 15 വാർഡിലും കാബേജ്, വിവിധ തരം മുളകുകൾ പയർ, വെണ്ട, തക്കാളി, വഴുതന, വാഴ, പ്രത്യേക ഇനം തെങ്ങുകൾ എന്നിവ കൃഷി ചെയുന്നു, കർഷകർ വിളകൾ വിപണന കേന്ദ്രത്തിന് കൈമാറുകയും ചെയ്ത് വരുന്നു.

## 9. ഹരിത സ്ഥാപനങ്ങൾ

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

- ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.

| ജില്ല | പരിശോധനകൾ നടത്തിയ സ്ഥാപങ്ങൾ | ഹരിതസ്ഥാപനം പദവിയിലേക്ക് എത്തിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങൾ | ബി ഗ്രേഡ് ലഭിച്ച സ്ഥാപനങ്ങൾ | ഗ്രേഡ് ലഭിക്കാത്ത സ്ഥാപനങ്ങൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തിരുവനന്തപുരം | 1787 | 1271 | 338 | 177 |
| കൊല്ലം | 1995 | 1014 | 617 | 354 |
| പത്തനംതിട്ട | 1478 | 1028 | 317 | 133 |
| ആലപ്പുഴ | 621 | 463 | 115 | 43 |
| കോട്ടയം | 779 | 521 | 173 | 85 |
| ഇടുക്കി | 531 | 361 | 110 | 60 |
| എറണാകുളം | 1182 | 543 | 360 | 279 |
| തൃശൂർ | 2804 | 2097 | 646 | 61 |
| പാലക്കാട് | 734 | 560 | 114 | 60 |
| മലപ്പുറം | 973 | 660 | 218 | 95 |
| കോഴിക്കോട് | 737 | 380 | 225 | 126 |
| വയനാട് | 267 | 151 | 66 | 48 |
| കണ്ണൂർ | 1062 | 934 | 128 | 0 |
| കാസർകോട് | 1002 | 864 | 107 | 31 |
| ആകെ | 15952 | 10847 | 3534 | 1552 |

- ❖ സെപ്റ്റംബർ മാസം വരെ 15952 സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയതിൽ 10847 (68%) സ്ഥാപനങ്ങൾക്ക് ഹരിതസ്ഥാപന പദവി ലഭിച്ചിട്ടുണ്ട്.
- ❖ കണ്ണൂർ, കാസറഗോഡ്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകൾ, ഏറ്റെടുത്ത സ്ഥാപനങ്ങളിൽ ഇടപെടലുകൾ നടത്തി, 70 ശതമാനത്തിനു മുകളിൽ ഹരിത സ്ഥാപനങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.
- ❖ തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ കൂടുതൽ സ്ഥാപനങ്ങളിൽ അസ്സെസ്സ്മെന്റ് നടത്തിട്ടുണ്ട്.
- ❖ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതും, ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ഹരിത പദവിയിൽ എത്തിച്ചതും തൃശ്ശൂർ ജില്ലയാണ്. 2804 സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് നടത്തിയതിൽ 2097 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ട്.
- ❖ തിരുവനന്തപുരം ജില്ലയിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കോംപ്ലക്സുകൾ തുടങ്ങിയവ വിലയിരുത്തൽ നടത്തി 1271 ഹരിത സ്ഥാപനമാക്കിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ തലവൂർ ഗ്രാമപഞ്ചായത്തിലെ 10 വിദ്യാലയങ്ങളെ ഹരിത വിദ്യാലയമായി ഒക്ടോബർ 2-ന് പ്രഖ്യാപിക്കും.
- ❖ കൊല്ലം ജില്ലയിൽ യൂനസ് കോളേജ്, ചാത്തന്നൂർ ഐ.ടി.ഐ എന്നിവയും ഹരിത ക്യാമ്പസായി ഒക്ടോബർ 2-ന് പ്രഖ്യാപിക്കും. ഹരിത ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി മഞ്ഞപ്പാറ ബിഎഡ് കോളേജിൽ അവയർനസ് ക്ലാസ്സ് സംഘടിപ്പിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ബ്ലോക്കിലെ തുരുത്തിക്കാട് BAM കോളേജിൽ ഹരിത ക്യാമ്പസ് പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഒക്ടോബർ 23 ന് ഹരിത ക്യാമ്പസ് പ്രഖ്യാപനത്തിനുള്ള തീയതി നിശ്ചയിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ നീലം പേരൂർ NSS HSS ൽ-ഹരിത വിദ്യാലയം പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി "ഹരിതാഭ" എന്ന പേരിൽ 15 അംഗങ്ങൾ അടങ്ങിയ ഹരിത ക്ലബ്ബ് രൂപീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ഹരിത സ്ഥാപന വിലയിരുത്തൽ 78 ഇടങ്ങളിലും. ഹരിത വിദ്യാലയം വിലയിരുത്തൽ 16 ഇടങ്ങളിലും നടത്തിയിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻന്റെ ഭാഗമായി ജില്ലയിലെ വിവിധ വിദ്യാലയങ്ങളെ ഒക്ടോബർ 2ന് ഹരിത വിദ്യാലയങ്ങളായി പ്രഖാപിക്കും.

- ❖ എറണാകുളം ജില്ലയിൽ അങ്കമാലി ജലവിഭവ വകുപ്പ് ഓഫീസ് ഒക്ടോബർ 2 ഹരിത സ്ഥാപനമായി പ്രഖ്യാപിക്കും. സിവിൽ സ്റ്റേഷൻ ഹരിത ഗ്രേഡിങ്, കാക്കനാട് കളക്ടറേറ്റ് ഓഫീസുകളിൽ ഹരിത ഓഡിറ്റ് പൂർത്തീകരിച്ചു. പൂർണ്ണമായും 73 ഓഫീസുകളിൽ ഗ്രേഡിങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- ❖ പാലക്കാട് ജില്ലയിൽ സെപ്തംബർ മാസത്തിൽ തൃത്താല, കൊല്ലങ്കോട് ബ്ലോക്കുകളിൽ 13 പുതിയ സ്ഥാപനങ്ങൾ ഹരിത ഓഡിറ്റ് നടത്തി. തൃത്താല ബ്ലോക്കിലെ 5 സ്ഥാപനങ്ങളിൽ റീവിസിറ്റ് നടത്തിയതിൽ 10 സ്ഥാപനങ്ങൾ ഹരിത സ്ഥാപന പദവി കരസ്ഥമാക്കിയിട്ടുണ്ട്.
- ❖ മലപ്പുറം ജില്ലയിൽ 973 സ്ഥാപനങ്ങളിൽ ഹരിത ഓഡിറ്റിംഗ് നടത്തി. അതിൽ 660 സ്ഥാപനങ്ങൾ ഹരിത ഓഫീസ് ആയി പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ 1002 സ്ഥാപനങ്ങൾ സന്ദർശിച്ചതിൽ 864 സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കിയിട്ടുണ്ട്. ജില്ലയിലെ മുഴുവൻ സർക്കാർ, അർദ്ധസർക്കാർ, സഹകരണസ്ഥാപനങ്ങൾ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, ക്ഷീരസംഘങ്ങൾ എന്നിവയിൽ സന്ദർശനം നടത്തി ഹരിതപദവി നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി ഗോവിന്ദപൈ മെമ്മോറിയൽ ഗവ കോളേജ് മഞ്ചേശ്വരം, എൽ ബി എസ് പൊവ്വൽ എന്നിവിടങ്ങളിൽ ഹരിതകലാലയം പ്രവർത്തനാരംഭത്തിനും, കാസർഗോഡ് ഗവ കോളേജ്, നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് പടന്നക്കാട് എന്നിവിടങ്ങളിൽ ഹരിതകലാലയം പ്രഖ്യാപനവും ആസൂത്രണം ചെയ്തിട്ടുണ്ട്.

| ഹരിത സ്ഥാപനം ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 504 | 589 | 1995 | 2664 | 5248 | 2 | 78 | 7 | 143 | 979 | 3805 |
| ആഗസ്റ്റ് | 312 | 709 | 1762 | 16688 | 18767 | 5 | 202 | 7 | 322 | 832 | 2842 |
| സെപ്റ്റംബർ | 549 | 722 | 1562 | 2257 | 4531 | 0 | 0 | 10 | 452 | 1406 | 2858 |
| ആകെ | 1365 | 2020 | 5319 | 21609 | 28546 | 7 | 280 | 24 | 917 | 3217 | 9505 |

## 10. വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 10.1 ഹരിത ടൂറിസം

- ❖ ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 118 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ❖ ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന

സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.

- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.

| ഹരിത ടൂറിസം ത്രൈമാസ അവലോകനം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 31 | 117 | 160 | 70 | 347 | 0 | 0 | 0 | 0 | 131 | 451 |
| ആഗസ്റ്റ് | 33 | 129 | 140 | 134 | 376 | 0 | 0 | 1 | 43 | 123 | 446 |
| സെപ്റ്റംബർ | 50 | 128 | 226 | 201 | 555 | 0 | 0 | 0 | 0 | 159 | 1057 |
| ആകെ | 114 | 374 | 526 | 405 | 1278 | 0 | 0 | 1 | 43 | 413 | 1954 |

- തിരുവനന്തപുരം ജില്ലയിൽ ഹരിത ഡെസ്റ്റിനേഷൻ പ്രഖ്യാപികുന്നതിനായി പിരപ്പൺങ്കാട് ഏലായും, പൊന്നും തുരുത്ത് എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.
- കൊല്ലം ജില്ലയിൽ കൊട്ടാരക്കര നഗരസഭയിലെ മീൻപിടിപ്പാറ, ആലപ്പാട് അഴീക്കൽ ബീച്ച് എന്നിവിടങ്ങളിൽ സെപ്റ്റംബർ മാസത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. കുമ്മിൾ മീൻമുട്ടി വെള്ളച്ചാട്ടം ഹരിത ടൂറിസം കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒക്ടോബർ 2 ന് ആരംഭിക്കും. കൂടാതെ ആദിച്ചനല്ലൂർ ചിറ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും ഒക്ടോബർ 2 ന് ആരംഭിക്കും.
- പത്തനംതിട്ട ജില്ലയിൽ അടവി എക്കോ ടൂറിസം കേന്ദ്രത്തിൽ പ്രാദേശിക ജൈവവൈവിദ്ധ്യം കാത്തുസൂക്ഷിക്കാനുതകുന്ന ഔഷധ പച്ചത്തുരുത്ത്, സൈൻ ബോർഡ്, ബിന്നുകളിൽ മാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ മർമല, ഇല്ലിക്കൽക്കല്ല്, പുഞ്ചവയൽക്കാറ്റ്, ഇലവീഴാപൂഞ്ചിറ, മുതുകോരമല, ഇല്ലിക്കൽക്കല്ല്, തലനാട് ഭാഗം എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു. പുതിയ കേന്ദ്രങ്ങളിലെ അവസ്ഥാപഠനം പൂർത്തീകരിക്കാനുണ്ട്.
- ഇടുക്കി ജില്ലയിൽ ഒക്ടോബർ 2ന് ജില്ലാ തല ഉത്ഘാടനത്തിൽ ഹിൽ വ്യൂ പാർക്കിനെ ഹരിത ടൂറിസം കേന്ദ്രമാകാൻ തീരുമാനിച്ചിട്ടുണ്ട്. ഹിൽ വ്യൂ പാർക്കിൽ NSS ദിനമായ സെപ്റ്റംബർ 24-ന് പൈനാവ് എൻജിനീയറിങ് കോളേജിലെ 65 കുട്ടികൾ ശുചിത്വ മിഷന്റെ സഹകരണത്തോടെ പ്രവേശന കവാടം മുതൽ 1.5 കിലോമീറ്റർ റോഡിന്റെ ഇരുവശവും ശുചീകരണം നടത്തി.
- എറണാകുളം ജില്ലയിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഹരിത ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിനു തിരഞ്ഞെടുത്തിട്ടുള്ള മുനമ്പം ബീച്ചിൽ മുസിരിസ് ബീച്ച്ബട്ടർഫ്‌ളൈ പാർക്ക് നിർമിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി.
- പാലക്കാട് ജില്ലയിൽ ചൂലനൂർ മയിൽ സങ്കേതം, വാടിക എന്നീ 2 ടൂറിസം കേന്ദ്രങ്ങൾ പുതിയതായി ഹരിത ടൂറിസം ക്യാമ്പയിനായി സെപ്തംബർ മാസത്തിൽ തിരഞ്ഞെടുത്തു.
- പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഒക്ടോബർ 2 നു ജില്ലാ തല ഉദ്ഘാടനമായി മംഗലം ഡാം ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ മംഗലം ഡാം ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായി NSS വോളണ്ടിയർമാർ, സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ ഏകദേശം 500 പേർ മംഗലം ഡാം ശുചീകരണ പ്രവർത്തനത്തിൽ പങ്കാളിയായിട്ടുണ്ട്.
- മലപ്പുറം ജില്ലയിൽ നിലമ്പൂർ തേക്ക് മ്യൂസിയം, പറവണ്ണ ബീച്ച് എന്നി 2 കേന്ദ്രങ്ങളിൽ ശുചീകരണ

പ്രവർത്തനങ്ങൾ നടത്തി.

- ❖ കണ്ണൂർ ജില്ലയിൽ 6 കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ മാലിന്യ മുക്തം നവകേരളം ജനകീയ കാമ്പയിനിന്റെ ഇരിട്ടി ബ്ലോക്ക് തല ഉദ്ഘാടനത്തിന്റെ ഭാഗമായി പായം - ഇരിട്ടി ഇക്കോ പാർക്കിൽ ഓപ്പൺ സ്റ്റേജ്, വാച്ച് ടവർ, ഇരിപ്പിടങ്ങൾ, IEC ബോർഡുകൾ, ബിന്നുകൾ എന്നിവ സ്ഥാപിക്കുകയും സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ 9 ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്. മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി ഒക്ടോബർ 2 ന് അഴിത്തല, ബേക്കൽ ബീച്ചുകൾ എന്നിവിടങ്ങളിൽ കടലോരശുചീകരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങൾക്കുള്ള മാർഗ്ഗരേഖ ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടത്തുന്നു. അവസ്ഥാ പഠനത്തിന്റെ അടിസ്ഥാനത്തിൽ കർമ്മരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രവർത്തികൾക്കും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. അവ ഓരോ മാസവും വിലയിരുത്തുന്നുണ്ട്. സമർപ്പിച്ച പല പ്രൊജെക്ടുകളും അനുമതി വാങ്ങുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ട ഇടപെടലുകൾ നടക്കുന്നുണ്ട്.

## 11. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

**ശുചിത്വ-മാലിന്യ സംസ്കരണ ത്രൈമാസ അവലോകനം**

| പ്രവർത്തനം നടന്ന മാസം | നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|
| | | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| ജൂലൈ | 654 | 3134 | 5255 | 10293 | 18682 | 260 | 15140 | 22 | 1847 | 2045 | 12093 |
| ആഗസ്റ്റ് | 319 | 1580 | 2332 | 3512 | 7081 | 263 | 14115 | 12 | 677 | 905 | 7245 |
| സെപ്റ്റംബർ | 316 | 637 | 942 | 2211 | 3634 | 0 | 0 | 10 | 783 | 917 | 3463 |
| ആകെ | 1289 | 5351 | 8529 | 16016 | 29397 | 523 | 29255 | 44 | 3307 | 3867 | 22801 |

- ❖ സെപ്റ്റംബർ മാസത്തിൽ 860.997 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 2837.363 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 96.985 ടൺ ലെഗസി മാലിന്യങ്ങളും, 7.684 ടൺ ഇ-മാലിന്യങ്ങളും, 156.356 ടൺ ചില്ല് മാലിന്യവും 23.580 ടൺ തുണി മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- ❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്ക്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ❖ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 94.94 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- ❖ കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 40 റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

## 12. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂലൈ 26, 27 തീയതികളിൽ നടന്ന വകുപ്പ് മേധാവികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സർവതല സ്പർശിയായി ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച് 2025 മാർച്ച് 30ന് (അന്താരാഷ്ട്ര ശൂന്യമാലിന്യ ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

- തിരുവനന്തപുരം ജില്ലയിൽ ജില്ലാ തല ഉത്ഘാടനം കിളിമാനൂർ ബ്ലോക്കിൽ പഴയകുന്നുമ്മേൽ പഞ്ചായത്തിൽ KSRTC ഡിപ്പോ മുതൽ പഞ്ചായത്ത് ബസ്സ്റ്റാൻഡ് വരെ ഉള്ള പൊതു ഇടങ്ങൾ മുഴുവൻ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. പള്ളിച്ചൽ പഞ്ചായത്തിലെ കൊടിനട ഭാഗത്തുണ്ടായിരുന്ന മാലിന്യം നീക്കം ചെയ്ത് പൂന്തോട്ടം ഒരുക്കുന്ന പ്രവർത്തനം പ്രസിഡന്റ് ഉൽഘാടനം ചെയ്തു. ആറ്റിങ്ങൽ KSRTC ബസ് സ്റ്റാൻഡിലെ ശുചീകരണ പ്രവർത്തനം നഗരസഭ ചെയർപേഴ്സൺ ഉദ്ഘാടനം നിർവഹിച്ചു.
- കൊല്ലം ജില്ലയിൽ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം കൊട്ടാരക്കര നഗരസഭയിലെ പുലമൺ തോടിന്റെ വീണ്ടെടുക്കൽ ജനകീയമായി നടത്തുന്നതിനായി 'വീണ്ടെടുക്കാം പുലമൺ തോട്' എന്ന ക്യാമ്പയിന് തുടക്കം കുറിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി ഒക്ടോബർ 2-ന് നിർവ്വഹിക്കും. ഇതിനായുള്ള സംഘാടക സമിതി യോഗം സെപ്റ്റംബർ മാസം കൊട്ടാരക്കര നഗരസഭ ബ്രദറൺ ഹാളിൽ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എൻ.ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.
- കൊല്ലം ജില്ലയിൽ ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം കൊല്ലം കോർപ്പറേഷനിൽ അഷ്ടമുടി കായലിലെ നവീകരിച്ച 30 കടവുകളുടെ ഉദ്ഘാടനവും ക്യാമറ സ്ഥാപിക്കലും ബ്യൂട്ടിഫിക്കേഷനും ചെയ്തുകൊണ്ട് നിർവ്വഹിക്കുന്നതിന് തീരുമാനിച്ചു.
- കൊല്ലം ജില്ലയിലെ കൊട്ടാരക്കര നഗരസഭയും ഹരിതകേരളം മിഷനും ചേർന്ന് കടകളിലും സ്ഥാപനങ്ങളിലും സർവ്വേ നടത്തി ഹരിത സ്ഥാപനങ്ങളാക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു, സംസ്ഥാനത്തെ മാതൃക തദ്ദേശസ്ഥാപനമാക്കുന്നതിനായുള്ള കർമ്മപരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചു.
- കൊല്ലം ജില്ലയിൽ ക്യാമ്പയിൻ ആരംഭിക്കുന്നതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടാരക്കരയിൽ മെഗാ ക്ലീനിംഗ് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം നിർവ്വഹിച്ചു.
- പത്തനംതിട്ട ജില്ലയിൽ 8 ബ്ലോക്കുകളിലും 4 നഗരസഭകളിലും 53 ഗ്രാമപഞ്ചായത്തുകളിലും മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി നിർവ്വഹണ സമിതി യോഗം പൂർത്തിയായി. 2 നഗരസഭകളിലും 27 ഗ്രാമപഞ്ചായത്തുകളിലും വാർഡ് തല നിർവ്വഹണ സമിതി രൂപീകരണം പൂർത്തീകരിച്ചു. ജില്ലയിലെ 920 വാർഡുകളിൽ 546 വാർഡുകളിൽ നിർവ്വഹണ സമിതി രൂപീകരിച്ച് വാർഡ് തല ശുചിത്വ പ്രവർശിൽപ്പശാലത്തനങ്ങൾ നടന്നു വരുന്നു.
- പത്തനംതിട്ട ജില്ലയിൽ ക്യാമ്പയിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ 66 മാതൃക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.
- പത്തനംതിട്ട ജില്ലയിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിനെ സമ്പൂർണ്ണ ശുചിത്വ വാർഡ് ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഗവൺമെന്റ് ഐ.റ്റി യിൽ ഹരിത സഭ സംഘടിപ്പിച്ചു.

- ❖ ആലപ്പുഴ ജില്ലയിൽ ക്യാമ്പയിന്റെ ഭാഗമായി തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ശിൽപ്പശാല നടത്തി. 117 പേർ ശിൽപ്പശാലയിൽ പങ്കെടുത്തു ഹരിതവിദ്യാലയ പ്രഖ്യാപനം, ജി. യു. പി. എസ് വരേണിക്കലിൽ പച്ചത്തുരുത്ത് ഉദ്ഘാടനം, മിനി MCF സ്ഥാപിക്കൽ, 2 ബ്ലാക്ക് സ്പോട്ടുകൾ സൗന്ദര്യവത്കരിക്കൽ, 2 തോടുകൾ വൃത്തിയാക്കി നാടിനു സമർപ്പിക്കൽ, വീടുകളിലും, സ്ഥാപനങ്ങളിലും സോക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് തുടങ്ങിയ പ്രവർത്തനങ്ങളാണ് ഉദ്ഘാടനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.
- ❖ കോട്ടയം ജില്ലയിൽ ജില്ലാ നിർവഹണ സമിതി ദേവസ്വം, തുറമുഖം, സഹകരണ വകുപ്പ് മന്ത്രി വി.എൻ വാസവന്റെയും, ജില്ലാ കളക്ടറുടെയും സാന്നിധ്യത്തിൽ ചേർന്നു.
- ❖ ഇടുക്കി ജില്ലയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, മത-രാഷ്ട്രീയ പ്രതിനിധികൾ, ജനപ്രതിനിധികൾ, സംഘടന പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത ജില്ലാ നിർവഹണ സമിതി യോഗം ഇടുക്കി കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടന്നു. ജില്ലയിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി 8 ബ്ലോക്കുകളിലും 52 ഗ്രാമപഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും നിർവഹണ സമിതി യോഗം കൂടി.
- ❖ ഇടുക്കി ജില്ലയിൽ ജനകീയ ക്യാമ്പയിന്റെ വിളംബരം സെപ്റ്റംബർ 23 ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റ്യനും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജും സംയുക്തമായി ഗവ.മെഡിക്കൽ കോളേജ് ഇടുക്കിയിൽ വെച്ച് നടത്തി .മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനവും നടത്തി.
- ❖ ഇടുക്കി ജില്ലയിൽ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി അറക്കുളം, വാഴത്തോപ്പ് ഗ്രാമപഞ്ചായത്തുകളും ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, വനം വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മൂലമറ്റം മുതൽ ചെറുതോണി വരെയുള്ള റോഡ് വൃത്തിയാക്കി.
- ❖ എറണാകുളം ജില്ലയിൽ വിവിധ അയൽക്കൂട്ടങ്ങളെ ഒക്ടോബർ 2ന് ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കും. കോർപറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, പഞ്ചായത്ത് തല നിർവ്വഹന സമിതി യോഗങ്ങൾ നടന്നു. വാർഡ് തല നിർവ്വഹന സമിതി യോഗങ്ങൾ പഞ്ചായത്തുകളിൽ നടന്നു വരുന്നു.
- ❖ എറണാകുളം ജില്ലയിൽ വിവിധ കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല ബഹുജന റാലി കൊച്ചി കോർപ്പറേഷനിൽ വെച്ച് നടത്തി. തുറവൂർ ഗ്രാമപഞ്ചായത്തും ഗവ: ITI യും സംയുക്തമായി നടത്തിയ Face 2 face ശാസ്ത്രീയ മാലിന്യ സംസ്കരണവും സുസ്ഥിരതയിലും വിദ്യാർത്ഥികളുടെ ഇടപെടൽ എന്ന തീമിന്റെ അടിസ്ഥാനത്തിലുള്ള ബഹുജന റാലിയാണ് നടന്നത്.
- ❖ എറണാകുളം ജില്ലയിൽ ക്യാമ്പയിന്റെ ഭാഗമായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് സ്വച്ഛതാ ഹി സേവ പരിപാടിയും ചേർന്നു . മില്ലുങ്കൽ ജംഗ്ഷൻ ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതിന് മുന്നോടിയായി മാലിന്യ മുക്തമാക്കുകയും, സിഗനേച്ചർ ക്യാമ്പയിൻ, മനുഷ്യ ചങ്ങല എന്നിവ നടത്തുകയും ചെയ്തു. മണിമലക്കുന്ന് കോളേജിൽ ഗ്രീൻ ടോക്ക് സംഘടിപ്പിക്കുകയും തുറവൂർ ഗ്രാമപഞ്ചായത്തിൽ ശുചിത്വ സഭ നടത്തുകയും ചെയ്തു.
- ❖ തൃശൂർ ജില്ലയിൽ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ ലോഗോ പ്രകാശനവും, ജില്ല നിർവഹണ സമിതി രൂപീകരണ യോഗ ഉദ്ഘാടനം തൃശ്ശൂർ ടൗൺ ഹാളിൽ വച്ച് നിർവഹിച്ചു. ജില്ലയിൽ കോർപറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലും നിർവഹണ സമിതി യോഗങ്ങൾ നടന്നു.
- ❖ തൃശൂർ ജില്ലയിൽ 95% വാർഡുകളിലും വാർഡ്തല നിർവഹണസമിതി രൂപീകരിച്ചു കൊണ്ട് പൊതുയിടങ്ങളും ജലാശയങ്ങളും ശുചീകരിച്ചുകൊണ്ടുള്ള മാതൃകാ പ്രവർത്തനങ്ങൾ

ഏറ്റെടുത്തിട്ടുണ്ട്.

- ❖ തൃശൂർ ജില്ലയിൽ കേരള ഹരിത ശ്രീ പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് വാർഡ് 9 ന്റെ നേതൃത്വത്തിൽ "മാലിന്യത്തിനെതിരെ പോരാടാം ഒരു തൈ നടാം നമുക്കൊന്നായി" ചടങ്ങ് സംഘടിപ്പിച്ചു. ഹരിത കർമ്മ സേന അംഗങ്ങൾ, ചാവക്കാട് മുക്തി ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാർത്ഥികൾ, മറ്റു പ്രതിനിധികൾ തുടങ്ങി 50 പേർ പങ്കെടുത്തു. ജില്ലയിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ, വ്യാപാരികൾ, ജനപ്രതിനിധികൾ ചേർന്ന് പുതുക്കാട് സെന്റർ ശുചീകരണം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ ജില്ലാ തല നിർവഹണ സമിതി യോഗം ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. 13 ബ്ലോക്കിലും 7 നഗരസഭയിലും 88 ഗ്രാമപഞ്ചായത്തിലും 1562 വാർഡുകളിലും നിർവ്വഹണ സമിതി യോഗം സെപ്തംബർ മാസത്തിൽ പൂർത്തീകരിച്ചു.
- ❖ മലപ്പുറം ജില്ലയിലെ ജില്ലാതല നിർവ്വഹണ സമിതിയോഗം ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ വെച്ച് നടന്നു. യോഗത്തിൽ 73 പേർ പങ്കെടുത്തു. എല്ലാ ഗ്രാമ പഞ്ചായത്ത്, നഗരസഭ, ബ്ലോക്ക്, ജില്ലാ തലത്തിലും നിർവഹണ സമിതി യോഗങ്ങൾ പൂർത്തീകരിച്ചു. കൂടാതെ എല്ലായിടത്തും ഉദ്ഘാടന പരിപാടികൾ ആസൂത്രണം ചെയ്തു.
- ❖ കോഴിക്കോട് ജില്ലയിൽ സെപ്തംബർ മാസം ജില്ലാ, ബ്ലോക്ക്, തദ്ദേശ സ്ഥാപന തല നിർവ്വഹണ സമിതികളും പൂർത്തീകരിച്ചു.
- ❖ വയനാട് ജില്ലയിൽ ഒക്ടോബർ 2-നു മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ടൌൺ ഒഴികെയുള്ള കോഴിക്കോട് – കൊല്ലഗൽ നാഷണൽ ഹൈവേ എൻ എച്ച് 766 ഭാഗങ്ങൾ ശുചീകരണം ചെയ്തു സൌന്ദര്യവത്കരണം നടത്തി ജില്ലാതല ഉദ്ഘാടനം നടത്താനായി തീരുമാനിച്ചു.
- ❖ വയനാട് ജില്ലയിൽ 4 ബ്ലോക്കുകളിലും 3 മുനിസിപ്പാലിറ്റികളിലും 22 ഗ്രാമ പഞ്ചായത്തുകളിലും വാർഡ് തലത്തിലും നിർവഹണ സമിതി യോഗം ചേർന്നു. സെപ്റ്റംബർ മാസം അവസാനത്തോടെ എല്ലായിടത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ഒക്ടോബർ 2 നു വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിശ്ചയിക്കുകയും ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ രണ്ടാം തവണ ജില്ലാ തല നിർവഹണ സമിതി യോഗം ചേർന്നു. ജില്ലയിൽ നിലവിൽ തദ്ദേശസ്ഥാപനതല നിർവഹണ സമിതി രൂപീകരണ യോഗങ്ങൾ പൂർത്തിയായിട്ടുണ്ട്. വാർഡ് തലത്തിൽ സമിതി രൂപീകരണ യോഗങ്ങൾ നടന്നുവരികയാണ്.
- ❖ കാസർഗോഡ് ജില്ലയിൽ ഒക്ടോബർ 2 ന് ജില്ല, ബ്ലോക്ക്, പഞ്ചായത്ത്, നഗരസഭ തലത്തിലും 777 വാർഡുകളിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വിപുലമായ ജനപങ്കാളിത്തോടെ മാലിന്യമുക്ത പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ സിവിൽ സ്റ്റേഷനിലെ മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ മുഴുവൻ ജീവനക്കാരുടെയും പങ്കാളിത്തത്തോടെ ആരംഭിക്കും. 64 ഹൈസ്കൂൾ, ഹയർസെക്കണ്ടറി സ്കൂളുകൾ ഹരിതവിദ്യാലയങ്ങളാക്കി കൊണ്ടുള്ള ജില്ലാതല പ്രഖ്യാപനം ഗവ. ഹയർസെക്കണ്ടറി സ്കൂൾ ചന്ദ്രഗിരിയിൽ വെച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് നിർവഹിക്കും.
- ❖ കാസർഗോഡ് ജില്ലയിൽ പ്രാദേശികമായി ചെറുകവലകളും ടൗണുകളും മാലിന്യമുക്തമാക്കി സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആരംഭം, ഹരിതകലാലയം, ഹരിതടൂറിസം പ്രവർത്തനാരംഭം, ഹരിതഓഫീസ്, ഹരിതവിദ്യാലയ പ്രഖ്യാപനം, ജലാശയ ശുചീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിൽ 6 ബ്ലോക്കുകളിലും 3 മുൻസിപ്പാലിറ്റികളിലും 38 ഗ്രാമപഞ്ചായത്തിലും

നിർവഹണസമിതി യോഗങ്ങൾ പൂർത്തിയായി. 580 ഓളം വാർഡുകളിൽ വാർഡ് നിർവഹണസമിതി യഥാക്രമം പൂർത്തിയാക്കാൻ കഴിഞ്ഞു, മറ്റുള്ളവ നടന്നു വരുന്നു. ജില്ലാ നിർവഹണസമിതിയുടെ രണ്ടാം യോഗം വളരെ വിപുലമായ രീതിയിൽ നടത്തുകയും 130 ഓളം പേർ പങ്കെടുക്കുകയും ചെയ്തു.

## 13. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

### കാർഷിക പ്രവർത്തനങ്ങൾ

**13.1) സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI)** - മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിച്ച് ശാസ്ത്രീയമായ രീതിയിൽ എസ്.എസ്.ഐ മോഡലിലൂടെ കർഷകന് കൂടുതൽ വിളവ് ഉണ്ടാകുക, ഒപ്പം ജി.ഐ ടാഗുള്ള മറയൂർ ശർക്കരയ്ക്ക് കൂടുതൽ മൂല്യം കിട്ടുന്ന തരത്തിലുള്ള വിപണനം വരെ പിന്തുണ നൽകുന്ന തരത്തിൽ വിവിധ ഏജൻസികളെ ഏകോപിച്ചുകൊണ്ടുള്ള സമഗ്രമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

- ❖ മറയൂർ കരിമ്പ് മൂല്യ വർധനവുമായി ബന്ധപ്പെട്ടു കൂടുതൽ സാധ്യതകൾ പരിശോധിക്കുന്നതിനായിനും കൂടുതൽ കർഷകരിലേക്കു SSI മാതൃക എത്തിക്കുന്നതിനായി അഗ്രോനേച്ചർ എന്ന ഓർഗനൈസഷനുമായി യോഗം ചേർന്നു
- ❖ SSI മാതൃകയുടെ ബന്ധപ്പെട്ടു തമിഴിലേക്ക് മൊഴി മാറ്റിയ 17 പോസ്ടറുകൾ തയ്യാറാക്കിയിട്ടുണ്ട്.
- ❖ കരിമ്പ് തൈകൾ ഉൽപ്പാദിക്കുന്നതിനായി കൃഷിഭവൻ മുഖാന്തിരം മഴമറ നിർമിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകി.
- ❖ MSSRF മായി സംയോജിച്ച് പരീക്ഷണ തോട്ടങ്ങളിൽ സൂക്ഷ്മ ജലസേചന പദ്ധതി നടത്തിയിട്ടുണ്ട്.

**13.2) നെൽകൃഷി വികസനം**

- ❖ അടിമാലി ഗ്രാമപഞ്ചായത്തിൽ കൊരങ്ങാട്ടി പാടശേഖരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി കനാലുകൾ നവീകരിക്കുന്നതും, വന്യമൃഗ ശല്യത്തിന് പരിഹാര മാർഗങ്ങൾ അവലംബിക്കുന്നതും, കാർഷിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പാടശേഖരത്തിലെ ജലസേചന-ജലനിർഗമന പോരായ്മകൾ പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി ജലസേചന വകുപ്പ് പാടശേഖരം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തികൾക്ക് ഭരണാനുമതിയും ലഭിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ പാടശേഖരത്തിലെ കർഷകരുടെ ജനകീയ യോഗം വിളിക്കുകയും വിവിധ ഡിപ്പാർട്ട്മെന്റ്കളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നതിനുള്ള സംയോജിത ഇടപെടലുകൾ നടത്തി.
- ❖ കൃഷി വകുപ്പിന്റെ നെല്ലും തേനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

- കട്ടമുടി പാടശേഖര രൂപീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി, കട്ടമുടി പാടശേഖരത്തിലെ ഈ സീസണിലുള്ള നെൽകൃഷി ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. നിലം ഒരുക്കുന്നതിനുള്ള പ്രവൃത്തനങ്ങൾ പൂർത്തികരിച്ചു ഞാറു നടീൽ ഉത്സവം നടത്തി. സലിം അലി ഫൗണ്ടേഷനുമായി ചേർന്ന് കർഷകർക്ക് നാടൻ കുറവ ഇനത്തിൽപെട്ട നെൽ വിത്തുകൾ വിതരണം നടത്തിയിരുന്നു. കഴിഞ്ഞ സീസണിൽ 8 ഏക്കർ കൃഷി നടന്ന പാടശേഖരത്തിൽ ഈ വർഷം 15 ഏക്കറിലാണ് കൃഷി നടന്നത്.

### 13.3) പുൽതൈല കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും

- ഓടക്കാലിയിൽ പ്രവർത്തിക്കുന്ന Aromatic and Medicinal plants Research station വഴി തൈലപ്പുൽ ക്കൃഷിക്ക് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും പുൽതൈല യൂണിറ്റുകൾക്ക് അഗ്രി ബിസിനെസ് എന്റർപ്രൈസ് മാതൃകയിൽ കൃഷി വകുപ്പ് വഴി സഹായം നൽകുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.
- മറയൂർ ഗ്രാമപഞ്ചായത്തിലെ പുതുക്കുടിയിൽ തൈലപ്പുൽ കൃഷി ചെയ്യുന്ന കർഷകരുടെ യോഗം ചേരുകയും ഫോറസ്റ്റ് പോസ്റ്റ് എന്ന സ്ഥാപനത്തെ സഹകരിപ്പിച്ചുകൊണ്ട് ഉയർന്ന വിലയ്ക്ക് കർഷകർ ഉല്പാദിപ്പിക്കുന്ന പുൽ തൈലം വിപണനം നടത്തുന്നതിനു വേണ്ട സംയോജിത ഇടപെടലുകൾ നടത്തി.

### 13.4) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

- **ചിന്നക്കനാൽ ഗ്രാമ പഞ്ചായത് മാലിന്യ സംസകരണം -** ചിന്നക്കനാൽ മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടി പഞ്ചായത്തിന് അനുവദിച്ചു കിട്ടിയ 2 ഏക്കർ സ്ഥലം സന്ദർശിക്കുകയും അതിനു വേണ്ടി പ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- **മൂന്നാർ മാലിന്യ സംസ്കരണം** - മൂന്നാറിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് നേതൃത്വത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർ നടപടികൾക്കായി സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നിലവിലെ പ്രശ്നങ്ങൾ അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 13.5) ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾ

- കൃഷി വകുപ്പ്, നാഗാർജുന - അടിമാലി ചിന്നപ്പാറ കുടിയിലേക്ക് ഔഷധ ഗ്രാമം പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.
- **നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രം** - നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള സസ്യ ജാലങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാനുൽ തയ്യാറാക്കിയിട്ടുണ്ട്. നീലക്കുറിഞ്ഞി പഠനകേന്ദ്രത്തെക്കുറിച്ചുള്ള വിവിധ ബോർഡുകൾ കേന്ദ്രത്തിന്റെ മുന്നിലൂടെ പോകുന്ന ദേശിയ പാതയിൽ സ്ഥാപിച്ചു.

## 14. ഗ്രീൻ പ്രോട്ടോകോൾ

- എറണാകുളം ജില്ലയിൽ ഇടപ്പള്ളി നവീകരിച്ച ചങ്ങമ്പുഴ പാർക്കിന്റെ ഉദ്ഘാടനം പൂർണമായും ഹരിത പ്രോട്ടോകോൾ പാലിച്ചു നടപ്പിലാക്കി. മിഷന്റെ നിരന്തര ഇടപെടൽ മൂലം പാർക്കിനെ. പൂർണ്ണമായും ഹരിത സ്ഥാപനമാക്കി മാറ്റുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചു. 65 പേർ പരുപാടിയിൽ പങ്കെടുത്തു.
- എറണാകുളം ജില്ലയിൽ കോതമംഗലം മുനിസിപ്പാലിറ്റിയിൽ മാർതോമാ ചെറിയ പള്ളിയിലെ

പെരുന്നാളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് യോഗം നടത്തി.

- ❖ ആലപ്പുഴ ജില്ലയിൽ പുന്നമട-എഴുപതാമത് നെഹ്‌റു ട്രോഫി ജലോത്സവം പൂർണമായും ഹരിത ചട്ടം പാലിച്ച് നടപ്പിലാക്കി. നെഹ്‌റു ട്രോഫി ജലമേളയ്ക്ക് ശേഷം മണിക്കൂറുകൾക്കകം നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. ഏകദേശം രണ്ട് ടൺ ഓളം പ്ലാസ്റ്റിക് മാലിന്യങ്ങൾ മണിക്കൂറുകൾക്കകം നീക്കം ചെയ്തു. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പ്രവർത്തനങ്ങളും ദൃശ്യമാധ്യമങ്ങളും സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുകയും ശുചിത്വ സന്ദേശ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തു.

## 15. സമഗ്ര കൊട്ടാരക്കര

കൊല്ലം ജില്ലയിൽ, കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹരിത കേരളം മിഷന്റെ ഏകോപനത്തോടെ ആരംഭിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി, നിയോജക മണ്ഡലത്തിലെ വിഭവ വിശകലനവും ശാസ്ത്രീയ പഠനവും നടത്തി, www.kottarakkaralac.com എന്ന വെബ്സൈറ്റിൽ ഇതിന്റെ ആദ്യഘട്ട വിവരങ്ങൾ അപ്ഡേറ്റ് ചെയ്തു. വർഷം തോറും വകുപ്പുതല, തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപകല്പന ചെയ്തിട്ടുണ്ട്. ജനകീയ ചർച്ചയിൽ ലഭ്യമായ നിർദ്ദേശങ്ങൾ ഏകോപിപ്പിച്ച് വാർഡ് അടിസ്ഥാനത്തിൽ പ്രൊഫോർമകളിൽ ശേഖരിച്ചു കരട് ഡി.പി.ആർ തയ്യാറാക്കി. സെപ്റ്റംബറിൽ, ജില്ലാകളക്ടറുടെ അധ്യക്ഷതയിൽ തദ്ദേശസ്ഥാപന പ്രതിനിധികളും, വിവിധ വകുപ്പുതല ഉദ്യോഗസ്ഥരും, ഉപസമിതി നോഡൽ ഓഫീസർമാരും ചേർന്ന് യോഗം നടത്തി, കരട് ഡി.പി.ആറിൽ നിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള തിരുത്തലുകൾ വരുത്താൻ തീരുമാനിച്ചു.

പുലമൺ തോട് മാപ്പ് ചെയ്യുന്നതിനായി, കൊട്ടാരക്കര IHRD എൻജിനീയറിംഗ് കോളേജും സെന്റ് ഗ്രീഗോരിയസ് കോളേജും ഒ.എസ്.എം ട്രാക്ക് ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്. മൂന്നു തദ്ദേശ സ്ഥാപനങ്ങളിൽ മാപ്പിംഗ് പൂർത്തിയാക്കി. ഒ.ഡി.കെ കളക്ട് മൊബൈൽ ആപ്പിലൂടെ കൊട്ടാരക്കര നഗരസഭ പ്രദേശത്ത് പുലമൺ തോടിലൂടെ ഒഴുകുന്ന മാലിന്യ സ്രോതസ്സുകൾ കണ്ടെത്തി, മൈലം, കുളക്കട പഞ്ചായത്തുകളിലും പ്രക്രിയ നടന്നു . ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ പുലമൺ തോട്ടിലെ ചെളി നീക്കംചെയ്യൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

## 16. സുസ്ഥിര തൃത്താല

പാലക്കാട് ജില്ലയിൽ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ പരിസ്ഥിതി, കൃഷി, ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, ഹരിത ടൂറിസം എന്നീ മേഖലകൾ സംയോജിപ്പിച്ച് സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കുന്നതിന് തൃത്താല എം.എൽ.എ.യും തദ്ദേശവകുപ്പ് മന്ത്രി എം.ബി. രാജേഷ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന സംയോജിത പദ്ധതിയാണ് സുസ്ഥിര തൃത്താല.

### സുസ്ഥിര തൃത്താല പ്രവർത്തന പുരോഗതി

സുസ്ഥിര തൃത്താലയുടെ മേഖലയിൽ നടന്നിട്ടുള്ള കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായ മാറ്റങ്ങൾ പ്രദർശിപ്പിക്കുന്നതിനു വേണ്ടി "തൃത്താല പൊലിമ" കാർഷിക മേള 2024 സെപ്തംബർ 12, 13, 14 തിയതികളിലായി വെള്ളിയാങ്കല്ല് വെച്ച് നടത്തി. 2024 സെപ്തംബർ 27 നു സുസ്ഥിര തൃത്താല പദ്ധതി അവലോകന യോഗം നടന്നു. 2024 ഒക്ടോബർ 5 നു മാലിന്യമുക്തം

നവകേരളം ജനകീയ ക്യാമ്പയിൻ തൃത്താല മണ്ഡലതല ഉദ്ഘടാനം “ക്ലീൻ സ്കൂൾ, ക്ലീൻ സിറ്റി” പരിപാടി തദ്ദേശ സ്വയം ഭരണ - എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് നിർവ്വഹിക്കുന്നതാണ്.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.09.2024 വരെ കരാറിലേർപ്പെട്ട 5,17,199 ഗുണഭോക്താക്കളിൽ 4,16,678 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ/ വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്)- (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,30,480 | 3,36,372 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 31,677 | 26,700 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,17,199** | **4,16,678** |

### 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

### വ്യക്തിഗത ഭവനം

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) | - | 1,00,000 |
| 2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,00,052 |
| 2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - | 13,589 |
| **ആകെ** | - | **1,13,641** |
| 2024-25 വർഷം പൂർത്തീകരിച്ച വീടുകൾ | - | 13,120 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,00,521 |

| | | |
|---|---|---|
| റൂഫ് | - | 13,543 |
| ലിൻറിൽ | - | 13,950 |
| ബേസ്മെൻറ് | - | 16,711 |
| നിർമ്മാണം ആരംഭിച്ചവർ | - | 44,842 |
| നിർമ്മാണം ആരംഭിക്കാത്തവ | - | 11,475 |
| **ആകെ** | **-** | **1,00,521** |

| 2024 ആഗസ്റ്റ് വരെ | 2024 സെപ്റ്റബർ മാസം | 2024 സെപ്റ്റബർ വരെ |
|---|---|---|
| **4,08,108** | **8,570** | **4,16,678** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 8,629 |
| വീടും സ്ഥലവും വേണ്ടവർ | - | 7,484 |
| **ആകെ** | **-** | **16,113** |

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 4,425 കുടുംബങ്ങളിൽ 2,327 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 30.09.2024 വരെ 1,00,409 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

## ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| **തിരുവനന്തപുരം** | 43022 | 10592 |
| **കൊല്ലം** | 33474 | 8154 |
| **പത്തനംതിട്ട** | 10310 | 4554 |
| **ആലപ്പുഴ** | 30385 | 8483 |
| **കോട്ടയം** | 17348 | 5535 |
| **ഇടുക്കി** | 26038 | 2493 |
| **എറണാകുളം** | 23168 | 6873 |
| **തൃശൂർ** | 27714 | 8001 |
| **പാലക്കാട്** | 57631 | 7899 |
| **മലപ്പുറം** | 33521 | 19628 |
| **കോഴിക്കോട്** | 20491 | 7350 |
| **വയനാട്** | 17130 | 2409 |
| **കണ്ണൂർ** | 12004 | 4928 |
| **കാസർഗോഡ്** | 14354 | 3510 |
| **ആകെ** | **366590** | **100409** |

| 2024 ആഗസ്റ്റ് വരെ | 2024 സെപ്റ്റംബർ മാസം | 2024 സെപ്റ്റംബർ വരെ |
|---|---|---|
| **99,971** | **438** | **1,00,409** |

### മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമായി 30.09.2024 വരെ 3208.739 സെൻറ് (32.08739 ഏക്കർ) ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1816.815 സെൻറ് (1816.815 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

### ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിൻറെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതാണെന്ന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം MoU തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

### ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥലത്തും, കിളിമാനൂർ ഗ്രാമപഞ്ചായത്തിൻറെയും സ്ഥലത്തും, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള സ്ഥലത്തുമാണ് വീട് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. MoU തയ്യാറാക്കി അംഗീകാരത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്.

### ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

## ഭൗതികസൗകര്യ വികസനം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5 കോടി | 141 | 138 | 3 |
| 3 കോടി | 386 | 174 | 212 |
| 1 കോടി | 446 | 180 | 266 |
| **ആകെ** | **973** | **492** | **481** |

## അക്കാദമിക പ്രവർത്തനങ്ങൾ

### സമഗ്ര ഗുണമേന്മാവിദ്യാഭ്യാസ പദ്ധതി

ഒന്നു മുതൽ ഏഴുവരെ ക്ലാസുകളിൽ പഠിക്കുന്ന കട്ടികളുടെ അടിസ്ഥാന ഭാഷ, ഗണിതശേഷികൾ, പരിസരത്തെ നിരീക്ഷിക്കാനും ആർജ്ജിച്ച കഴിവുകൾ ജീവിത പരിസരവുമായി ബന്ധപ്പെടുത്തുന്നതിനും വേണ്ട ശേഷികൾ എന്നിവ നിശ്ചിത ഘട്ടത്തിനകത്ത് തന്നെ കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സഹായകമായ പദ്ധതിയാണ് സമഗ്രഗുണമേന്മാവിദ്യാഭ്യാസ പദ്ധതി. ഒന്ന് മുതൽ ഏഴുവരെ ക്ലാസ്സുകളിൽ അതത് ഘട്ടങ്ങളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന അറിവും കഴിവും ശേഷിയും കുട്ടികളിൽ വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഒന്നു മുതൽ 7 വരെ ക്ലാസ്സുകളിൽ ഈ പദ്ധതി കഴിഞ്ഞ അക്കാദമിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. വിദ്യാകിരണം മിഷൻ മുന്നോട്ട് വച്ച പദ്ധതി സമഗ്ര ശിക്ഷാ കേരളമാണ് സ്കൂളുകളിൽ നടപ്പിലാക്കുന്നത്. നിലവിൽ പരിശീലനം പൂർത്തിയായിക്കിയ സി.ആർ.സി.സിമാർ ഫോക്കസ് സ്കൂളുകളിൽ രണ്ടാഴ്ച്ചത്തെ ട്രൈഔട്ട് ക്ലാസ്സുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുത്തിട്ടുള്ള വിദ്യാലയങ്ങളിൽ അക്കാദമിക ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടക്കുന്നു.

### ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം - മഞ്ചാടി

ഗണിത പഠനത്തിന് കേരളസർക്കാർ കെ-ഡിസ്ക് മുഖേന വികസിപ്പിച്ച ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനപദ്ധതിയാണ് മഞ്ചാടി. ചിന്തയുടെ വികാസം ഉറപ്പാക്കി പ്രശ്നപരിഹരണത്തിന് ഊന്നൽ നൽകുന്ന രീതിയാണ് മഞ്ചാടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. മഞ്ചാടി പഠനരീതി സംസ്ഥാനത്തെ 100 വിദ്യാലയങ്ങളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തിരുമാനിച്ചിരുന്നു. സംസ്ഥാനത്താകെ തെരഞ്ഞെടുക്കപ്പെട്ട 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം കോഴിക്കോട്, ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 72 വിദ്യാലയങ്ങളിലുമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 100 വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചത്. ഭിന്നസംഖ്യ എന്ന ആശയമാണ് ആദ്യഘട്ടത്തിൽ പുതിയരീതിയിൽ കുട്ടികളിൽ എത്തിച്ചത്.

100 സ്കൂളുകളിൽ അഞ്ചാം തരത്തിൽ ഭിന്നസംഖ്യാധാരണ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള

ആദ്യഘട്ട പ്രവർത്തനങ്ങൾ 2023-24 അക്കാദമിക വർഷം ആരംഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷം അഞ്ചാം ക്ലാസുകളിൽ ഗണിതത്തെ സമഗ്രമായി കണ്ടുകൊണ്ടുള്ള പാഠ്യരീതി വികസിപ്പിക്കാൻ തിരുമാനിച്ചു. അതിലേക്കായി തുടക്ക വിലയിരുത്തൽ എന്ന രീതിയിൽ കഴിഞ്ഞ അധ്യയനവർഷം പഠനം പൂർത്തിയാക്കിയ കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ഫീഡ്ബാക്ക് എടുത്തിരുന്നു. 100 വിദ്യാലയങ്ങളിലെയും മഞ്ചാടി പദ്ധതി നടപ്പിലാക്കിയ അധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ട് മൂന്ന് ക്ലസ്റ്റർ ആയി സംഖ്യാധാരണ ഉറപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ ജൂൺ മാസത്തിൽ സംഘടിപ്പിച്ചു. തുടർന്ന് ഈ അധ്യയന വർഷം മുതൽ പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിച്ചു.

മഞ്ചാടി പ്രോഗ്രാമിൽ കുട്ടികളുടെ പെർഫോമൻസ് വിലയിരുത്തുന്നതിനായി ഒന്നാം പാദവാർഷിക പരീക്ഷക്ക് ശേഷം പ്രത്യേക വിലയിരുത്തൽ പ്രവർത്തനം നടത്തി. വിലയിരുത്തൽ നടത്തുന്നതിനാവശ്യമായ ടൂളുകൾ ഓരോ കുട്ടിക്കും ബി. ആർ.സി കളിൽ നിന്നും പ്രിന്റ് എടുത്ത് നൽകി. ഫലവിശകലനത്തിനായി മഞ്ചാടി ടീമിന്റെ സഹായത്തോടെ സ്കൂളുകളിലേക്ക് ഗൂഗിൾ ഫോം അയച്ചുനൽകി. ക്വാളിറ്റി സ്റ്റേറ്റ്മെന്റുകളായിട്ടാണ് വിലയിരുത്തൽ റിപ്പോർട്ട് കുട്ടികൾക്ക് നൽകാനായി ഉദ്ദേശിക്കുന്നത്. ഈ റിപ്പോർട്ട് രക്ഷിതാക്കളുടെ യോഗം വിളിച്ചുചേർത്ത് രക്ഷിതാക്കളെ ബോധ്യപ്പെടുത്താനും തീരുമാനിച്ചു.

### ഹെൽപ്പിംഗ് ഹാൻഡ്

2024-25 അക്കാദമിക വർഷത്തിൽ വിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സമഗ്ര ശിക്ഷാ കേരളം വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹെൽപ്പിങ് ഹാൻഡ്. പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അക്കാദമിക വെല്ലുവിളികൾ കണ്ടെത്തി പരിഹരിക്കുന്നതിനും അക്കാദമിക നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കാരിച്ചത്. 5 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജൂൺ മുതൽ നവംബർ വരെയുള്ള കാലയളവിൽ ഈ പ്രോജക്ട് നടപ്പിലാക്കണം. എല്ലാ ജില്ലകളിലും പദ്ധതി സജീവമായി ആരംഭിച്ചു.

### YIP ശാസ്ത്രപഥം -6.0

സംസ്ഥാന സർക്കാർ, കെ ഡിസ്ക്, എസ് എസ് കെ, എന്നിവർ സംയുക്തമായി നടപ്പിൽ വരുത്തുന്ന പദ്ധതിയാണ് യങ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം (YIP) ശാസ്ത്രപഥം. സാങ്കേതികവിദ്യ, ബിസിനസ്സ് ഇന്നവേഷൻ, ഊർജ്ജ സംരക്ഷണം, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ അനുഭവപ്പെടുന്ന ജീവിത പ്രശ്നങ്ങൾ പഠിക്കുകയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുവാനും ഉള്ള അവസരമാണ് ഈ പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭിക്കുന്നത്. ഇതിനായി കുട്ടികൾക്ക് Domin, സാങ്കേതിക വിദ്യ, ബിസിനസ്സ് പ്ലാൻ രൂപീകരണം, ഭൗതിക സ്വത്ത് സംരക്ഷണം, പ്രോട്ടോ ടൈപ്പിംഗ്' തുടങ്ങിയവയിൽ വിദഗ്ധരുടെ മെന്ററിംഗ്' ലഭിക്കും. 2 മുതൽ 3 വരെ കുട്ടികളടങ്ങുന്ന ഗ്രൂപ്പായാണ് രജിസ്ട്രേഷൻ നടത്തുന്നത്.

- കൊല്ലം ജില്ലയിലെ സ്കൂളുകളിൽ YIP ശാസ്ത്രപഥം കോർഡിനേറ്റർമാർക്കുള്ള പരിശീലനം എല്ലാ ബി ആർ സി കളിലും നടത്തി. തുടർന്ന് സ്കൂൾ രജിസ്ട്രേഷൻ പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു.YIP ശാസ്ത്രപഥം-6.0 ഐഡിയേറ്റർമാർക്കുള്ള ത്രിദിന ശിൽപ്പശാല മൂന്ന് ദിവസങ്ങളിലായി എസ് എസ് കെ ഓഫീസിൽ വച്ച് നടന്നു. തുടർന്ന് കുട്ടികൾക്കായുള്ള ക്യാമ്പ് മൂന്ന് ദിവസങ്ങളിലായി നടത്തി.

- സമഗ്രശിക്ഷാ കേരളയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ മലയാളം, ഇംഗ്ലീഷ് ഭാഷാശേഷി, ഗണിത ശേഷി എന്നിവ കുടിഭാഷയിലൂടെ ഉറപ്പു വരുത്തുന്ന ഇടമലക്കുടി സ്പെഷ്യൽ പാക്കേജാണ് പഠിപ്പുറസി. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ദിവസവേതനാടിസ്ഥാന ത്തിൽ മുതുവാൻ ഭാഷ അറിയാവുന്ന മൂന്ന് വോളണ്ടിയർമാരേയും ഒരു അധ്യാപികയേയും നിയമിച്ചിട്ടുണ്ട്.
- സ്കിൽ ഡെവലപ്മെൻറ് സെന്റർ : സമഗ്രശിക്ഷ കേരള സംസ്ഥാനത്തിലെ 14 ജില്ലകളിലും പൈലറ്റ് പ്രൊജക്റ്റ് എന്ന നിലയിൽ സ്കിൽ ഡവലപ്മെന്റ് സെൻററുകൾ ഈ വർഷം ആരംഭിച്ചിരുന്നു. സംസ്ഥാന വട്ടാതെ 2024 ഏപ്രിൽ മാസം പ്രവേശനോത്സവത്തോടുകൂടി ക്ലാസുകൾ ആരംഭിക്കുകയും ഓൺ ദി ജോബ് ട്രെയിനിങ് അടക്കം വിവിധവ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് പ്രായോഗിക പരിശീലനമടക്കമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.
- കൊല്ലം ജില്ലയിൽ വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 13 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കോട്ടയം ജില്ലയിൽ അനുവദിച്ച 15 സ്കിൽ ഡെവലപ്മെന്റ് സെൻററുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഗവൺമെന്റ് വിഎച്ച്എസ്എസ് കാണക്കാരിയിൽ സ്കിൽ ഡെവലപ്മെൻറ് സെൻറർ പ്രവർത്തനം ആരംഭിച്ചു. ഇലക്ട്രിക് വെഹിക്കിൾ സർവീസ് ടെക്നീഷ്യൻ, ടെലികോം ടെക്നീഷ്യൻ എന്നീ ട്രേഡുകളിൽ ആകെ 50 വിദ്യാർഥികൾക്ക് പ്രവേശനം നൽകി ക്ലാസുകൾ നടന്നുവരുന്നു. ബാക്കി 14 സ്കൂളുകളിൽ നവംബർ ഒന്നിന് പുതിയ കോഴ്സുകൾ ആരംഭിക്കും. ജില്ലാതല സ്കിൽ ഡെവലപ്മെൻറ് കമ്മിറ്റി യോഗം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്നു.

## തനത് പരിപാടികൾ

ഓണച്ചങ്ങാതി എന്നപേരിൽ കിടപ്പിലായ കുട്ടികളുടെ വീടുകളിൽ ചങ്ങാതിക്കൂട്ടത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ ഓണച്ചങ്ങാതിക്കൂട്ടങ്ങൾ ബി ആർ സി തലങ്ങളിൽ സംഘടിപ്പിച്ചു. കുട്ടികളുടെ വീടുകളിൽ ഓണപ്പൂക്കളം തയ്യാറാക്കുകയും കിടപ്പിലായ കുട്ടികളെ ഉൾപ്പെടുത്തി ഓണപ്പാട്ടുകളും ഓണക്കളികളും സംഘടിപ്പിക്കുകയും ചെയ്തു. കിടപ്പിലായ കുട്ടികളുടെ വീട്ടിൽ ഓണസദ്യ ഒരുക്കുകയും ഓണക്കോടിയും ഓണക്കിറ്റും കുട്ടികൾക്ക് വിതരണം ചെയ്യുകയുമുണ്ടായി. വിദ്യാകിരണം കോർഡിനേറ്റർമാർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

- കൊല്ലം ജില്ലയിൽ പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു. പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുകയാണ് പ്രതിഭാകേന്ദ്രത്തിന്റെ ലക്ഷ്യം. പ്രായോഗിക ജീവിതത്തിൽ കുട്ടി നേടേണ്ട ശേഷികൾ നേടുന്നതിനും ആത്മവിശ്വാസത്തോടെ ജീവിതത്തെ സമീപിക്കുന്നതിനും കുട്ടിയെ പ്രാപ്തനാക്കുന്നു. കൊല്ലം ജില്ലയിൽ 18 പ്രതിഭാകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ 22 പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങളാണുള്ളത്.
- ചാത്തന്നൂർ ബി ആർ സി യുടെ തനത് പ്രവർത്തനമായ 'ഡ്രീം ടീം 2024" വിപുലമായി സംഘടിപ്പിച്ചു. ഭിന്നശേഷി പ്രതിഭകളെ ആദരിക്കുകയും ഇൻക്ലൂസീവ് സ്പോർട്സിൽ ജില്ലാതല സോണൽ മത്സരത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പും, സീനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ ബി.ആർ.സി യിലെ സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെയും, കായികാധ്യാപകരുടെയും പ്രവർത്തനങ്ങളെ മികവുറ്റതാക്കിയ 22 കായിക പ്രതിഭാകൾക്കും, സബ്ജില്ലാതല ക്വിസ്സ് മത്സരത്തിൽ (ചാന്ദ്രദിനം,അക്ഷരമുറ്റം, സ്വദേശി) വിജയികളായവർ, എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ചവർ, കൂടാതെ പരിശീലനത്തിന് നേതൃത്വം വഹിച്ച

അധ്യാപകർ തുടങ്ങിയവരെയും ആദരിക്കുന്ന പരിപാടിയായിരുന്നു നടത്തിയത്.

## ലൈഫ് 24

സമഗ്ര ശിക്ഷാ കേരള യൂണിസെഫുമായി ചേർന്ന് 9-ാം ക്ലാസിലെ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന 'ലൈഫ് 24' എന്ന പ്രോഗ്രാമിന്റെ ഡി.ആർ.ജി പരിശീലനം ത്രിദിന നോൺറസിഡൻഷ്യലായി 10.09.2024 മുതൽ 12.09:2024 വരെ ഏറ്റുമാനൂർ ബി.ആർ.സിയിൽ വച്ച് സംഘടിപ്പിച്ചു. പ്രസ്തുത ത്രിദിന നോൺറസിഡൻഷ്യൽ ക്രിയേറ്റീവ് ശിൽപ്പശാലയിൽ ഓരോ ബി.ആർ.സിയിൽ നിന്നും കൃഷി, പാചകം, പ്ലംബിക് മേഖലകളിൽ താൽപ്പര്യമുള്ള 3 അധ്യാപകർ വീതം പങ്കെടുത്തു.

- പാലക്കാട് ജില്ലയിൽ സെപ്റ്റംബർ 27 , 28, 29 തീയതികളിൽ ത്രിദിന റസിഡൻഷ്യൽ ശിൽപശാല മുണ്ടൂർ ഐആർടിസിയിൽ ആരംഭിച്ചു. ജില്ലയിലെ 13 ബി ആർ സി കളിൽ നിന്നും മൂന്ന് അധ്യാപകർ വീതം ശില്പശാലയിൽ പങ്കെടുത്തു. പാചകം കൃഷി, പ്ലംബിംഗ്, ഗ്രീൻ സ്കിൽസ്, സോഫ്റ്റ് സ്കിൽസ്, കുടുംബ ബജറ്റിങ് എന്നിവയിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നടക്കുന്നതിനുള്ള ജില്ലാതല ശില്പശാലയാണ് നടക്കുന്നത്. പരിശീലനം ലഭിച്ച മൂന്ന് അധ്യാപകരിലൂടെ ബിആർസിതലത്തിൽ ഒൻപതാം ക്ലാസിലെ കുട്ടികൾക്ക് പരിശീലനം നൽകും.
- പാലക്കാട് ജില്ലയിൽ STREAM ഹബ്ബ് പ്രൊജക്ടുകൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. സമഗ്ര ശിക്ഷ കേരള അഗളി ബിആർസിയുടെ നേതൃത്വത്തിൽ സ്ട്രീം ഹബ്ബ് പ്രോജക്ടിന്റെ ഭാഗമായി ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് *കരകൗശല നിർമ്മാണം; അട്ടപ്പാടിയിലെ സാധ്യതകൾ' എന്ന വിഷയത്തിൽ 25/09/24 ന് 2 മണിക്ക് ഗവൺമെൻറ് ട്രൈബൽ ഹൈസ്കൂൾ മറ്റത്തുകാടിൽ ആശയ രൂപീകരണ സെമിനാർ സംഘടിപ്പിച്ചു. *വട്ടലക്കി കോ ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി' യുടെ സഹകരണത്തോടെ ഹൈസ്കൂൾ തലത്തിൽ *എട്ടാം തരത്തിലെ സാമൂഹ്യശാസ്ത്രം വിഷയത്തിലെ ആദ്യകാല മനുഷ്യ ജീവിതം' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പ്രോജക്ടിന്റെ ആദ്യ ഘട്ട പ്രവർത്തനമായാണ് സെമിനാർ സംഘടിപ്പിച്ചത്. എട്ടാം ക്ലാസിൽ പഠിക്കുന്ന 20 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു. ഈ സെമിനാറിലൂടെ അട്ടപ്പാടി മേഖലയിലെ കരകൗശല വസ്തുക്കളെക്കുറിച്ചും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ധാരണ ഉറപ്പിക്കാൻ കുട്ടികൾക്ക് സാധിച്ചു. അതോടൊപ്പം തന്നെ കരകൗശല വസ്തുക്കൾ അട്ടപ്പാടി മേഖലയിലെ ഗോത്ര സംസ്കാരത്തിന്റെ ഉപോൽപ്പന്നമാണെന്നും അവയ്ക്ക് അമൂല്യമായ സാംസ്കാരിക പൈതൃകമുണ്ടെന്നും കുട്ടികൾ മനസ്സിലാക്കി. നിലവിലെ പ്ലാസ്റ്റിക് നിർമ്മിതങ്ങളായ നിത്യോപയോഗ വസ്തുക്കൾക്ക് ബദലായി ഇത്തരം പ്രകൃതിദത്തമായ കരകൗശല വസ്തുക്കൾ ഉപയോഗിക്കാമെന്ന വലിയ പാഠം കുട്ടികൾ ചർച്ചയുടെ ഭാഗമായി മുന്നോട്ട് വച്ചത് ഏറെ ശ്രദ്ധേയമായി. പദ്ധതിയുടെ അടുത്തഘട്ടത്തിൽ കരകൗശല വസ്തുക്കളുടെ നിർമ്മാണ സ്ഥലങ്ങളിൽ വിദ്യാർത്ഥികൾ സന്ദർശനം നടത്തുകയും നിർമ്മാണത്തിന് വസ്തുക്കൾ ഏതൊക്കെയാണ് ഉപയോഗിക്കുന്നതെന്ന് കണ്ടെത്താനും തീരുമാനിച്ചു. അത്തരം വസ്തുക്കളെ ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്താനും കുട്ടികൾ തയ്യാറായി.
- പാലക്കാട് ജില്ലയിൽ ADIP TLM (Assistance to disabled persons- teaching learning materials) കിറ്റ് വിതരണം ചെയ്തു. എസ്.സി.വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷി വിദ്യാർഥികൾക്കായുള്ള ADIP TLM കിറ്റ് വിതരണം നടത്തി. ആകെ 61 കിറ്റുകളാണ് രണ്ട് ഘട്ടങ്ങളിലായി വിതരണം ചെയ്തത്.
- മലപ്പുറം ജില്ലയിൽ ഗോത്രവിഭാഗം കുട്ടികളുടെ സമഗ്രവികസനം ഉറപ്പാക്കുന്നതിന് സേവാസ് പദ്ധതി നടപ്പിലാക്കുന്നു. പോത്തുകല്ല് പഞ്ചായത്തിലാണ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത്.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിനായി സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതാണ് സേവാസ് (സെൽഫ് എമർജിങ് വില്ലേജ് ത്രൂ അഡ്വാൻസ്ഡ് സപ്പോർട്ട്) പദ്ധതി. വിദ്യാകിരണം കോർഡിനേറ്റർ പദ്ധതിക്ക് നേതൃത്വം നൽകി. പാർശ്വവൽകൃത മേഖലയിലെ പഞ്ചായത്തുകളെ ഏറ്റെടുത്ത് സാമൂഹിക സാംസ്കാരിക സാമ്പത്തിക വികാസം സാധ്യമാക്കലാണ് പദ്ധതിയുടെ ലക്ഷ്യം. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കിക്കൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് ആത്മവിശ്വാസം നൽകി അവരെ മുന്നോട്ടു നയിക്കുക, വിദ്യാഭ്യാസം, സംസ്കാരം, തൊഴിൽ നൈപുണി എന്നിവയിൽ മികവ് നേടാൻ സഹായിക്കുക, വിവിധതരം പരിമിതികൾ അനുഭവിക്കുന്ന കുട്ടികൾക്ക് സാമൂഹിക പങ്കാളിത്തത്തോടെ ആത്മവിശ്വാസവും ജീവിത നൈപുണിയും നൽകാനുതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്നിവയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിനായി അഞ്ചുവർഷത്തെ നിരന്തരവും സമഗ്രവുമായ പ്രവർത്തനത്തിലൂടെ വിദ്യാഭ്യാസ മേഖലയെ ശക്തികരിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ്, വനിത ശിശു വികസന വകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്. ട്രൈബൽ വകുപ്പ്, എക്സൈസ് വകുപ്പ്', കേരള മഹിളാസമഖ്യ സൊസൈറ്റി, തുടങ്ങിയവയുടെ എകോപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

❖ ജില്ലയിൽ ഗോത്രവിഭാഗം കൂടുതൽ അധിവസിക്കുന്ന പ്രദേശമായതിനാലാണ് പോത്തുകല്ലിനെ പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തത്. 18 ഉന്നതികളിലായി 325 ഗോതവിഭാഗം കുട്ടികളാണ് പോത്തുകല്ല് പഞ്ചായത്തിൽ ഉള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി ഇവിടെ കർമ്മസമിതി രൂപീകരണം, ഗൃഹസന്ദർശനം, കുട്ടികൾക്കായുള്ള ഗണിതശില്പശാല, ബോധവൽക്കരണ ക്ലാസുകൾ തുടങ്ങിയ വിവിധ പരിപാടികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്.

## പ്രാപ്തി - കൗൺസിലിംഗ് ക്ലാസ്സ്

കണ്ണൂർ ജില്ലാ ഹോമിയോ ആശുപത്രി സീതാലയം യൂണിറ്റിന്റെയും സമഗ്രശിക്ഷാ കേരളയുടെയും ആഭിമുഖ്യത്തിൽ പ്രാപ്തി കൗൺസിലിംഗ് ക്ലാസ് 24.09.2024 കണ്ണൂർ നോർത്ത് ബി ആർ സി ഹാളിൽ വച്ച് നടന്നു. പരിപാടിയിൽ മാനസിക ശാരീരിക വെല്ലുവിളിനേരിടുന്ന കുട്ടികളുടെ അമ്മമാരാണ് പങ്കെടുത്തത്. വിദ്യാകിരണം കോർഡിനേറ്ററുടെ സംഘാടനം ഉണ്ടായിരുന്നു.

## സൈക്കോമെട്രിക് - കൗൺസിലിംഗ് ക്യാമ്പ്

കാസർഗോഡ് ജില്ലയിൽ സമഗ്രശിക്ഷാ കേരള, അസാപ് കേരള, സ്റ്റാർസ് പ്രോജക്ട് എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എട്ടാം ക്ലാസിലെ കുട്ടികൾക്ക് കോംപ്രഹെൻസീവ് ഗൈഡൻസ് ആൻഡ് പ്രൊഫൈലിംഗ് ലക്ഷ്യമാക്കി ആരംഭിച്ച പദ്ധതിയാണ് എസ്.എ സ്.കെ ലീപ് - 8. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ തെരഞ്ഞെടുത്ത സ്കൂളുകളിലെ എട്ടാം ക്ലാസിലെ കുട്ടികൾക്ക് സൈക്കോമെട്രിക് ടെസ്റ്റ് പൂർത്തിയാക്കി. തുടർന്ന് ഈ കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി കൗൺസിലിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലർമാരാണ് കൗൺസിലിംഗിന് നേതൃത്വം നൽകിയത്.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 7 (26%) | 13 |
| മൂന്നാം ഘട്ടം | 8 | 2 (25%) | 4 |
| **ആകെ** | **43** | **15 (35%)** | **17** |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 56 (73%) | 8 |
| രണ്ടാം ഘട്ടം | 76 | 19 (25%) | 26 |
| **ആകെ** | **152** | **75 (49%)** | **34** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 3 |
| രണ്ടാം ഘട്ടം | 504 | 439 (87%) | 18 |
| മൂന്നാം ഘട്ടം | 212 | 89 (42%) | 41 |
| **ആകെ** | **886** | **694 (78%)** | **62** |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 30/09/2024 വരെ 32,30,905 വ്യക്തികളുടെ സർവേ പൂർത്തിയായി. 01/09/2024 മുതൽ 30/09/2024 വരെ 15,03,563 (8.48%) വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 6,89,234 (46%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 31,472 (2.1%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 40,530 (2.7%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 61,617 (4.1%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 01/09/2024 മുതൽ 30/09/2024 വരെ 18,480 (ആകെ

പരിശോധിച്ചവരിൽ 22%) പേർക്ക് രക്താതിമർദ്ദവും 1,693 (ആകെ പരിശോധിച്ചവരിൽ 1.9%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.

- ❖ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 2,76,312 (18.4%) പേരുടേയും പ്രമേഹം മാത്രമുള്ള 1,29,034 (8.6%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

## 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ❖ സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 01/09/2024 മുതൽ 30/09/2024 വരെ 15,03,563 (8.48%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ ഇതുവരെ 31,472 (2.1%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. 18/10/2024 വരെ ക്യാൻസർ സ്ക്രീനിങ് പൂർത്തിയാക്കിയ 41,522 വ്യക്തികളുടെ പരിശോധന വിവരങ്ങൾ ക്യാൻസർ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- ❖ ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- ❖ സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- ❖ സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി

പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.

- ❖ ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- ❖ സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- ❖ മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- ❖ വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.
- ❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

- ❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.
- ❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.
- ❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.
- ❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.
- ❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.
- ❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

❖ പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.

❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 1000 ത്തിലധികം ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള 10 ജില്ലാതല പരിശീലനങ്ങൾ നടത്തി.

❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 344 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.

❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണീച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.

❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.

❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന

സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയിൽ 01/09/2024 മുതൽ 30/09/24 വരെ 15,03,563 (8.45%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 16,277 (1.1%) കിടപ്പുരോഗികളും 24,978 (1.6%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 4,87,739 (32.4%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു.
- കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), സ്റ്റാർട്ട്അപ് മിഷൻ, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) , പ്യൂപ്പിൾ ഫസ്റ്റ് എന്നിവരുടെ സഹകരണത്തോടെ നടന്നു വരുന്നു.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി അസ്സസ്മെന്റ് ചെക്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ 2024 സെപ്റ്റംബർ മാസം ആരംഭിച്ചു.
- കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ രോഗികൾക്കായുള്ള പുനരധിവാസ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡൻറ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## 6) ഏകാരോഗ്യ സമീപനം (One Health Initiative)

- നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മൂന്നാം വർഷ പ്രവർത്തനങ്ങളുടെ

പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഹൈലെവൽ എംപവേർഡ് കമ്മറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

- ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.
- ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത്, രോഗം, ഫീൽഡുതല പരിശോധന നടത്തിയ തീയതി മുതലായവ താഴെ കൊടുത്തിരിക്കുന്നു.
- ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു. പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്.

| ജില്ല | ഫീൽഡുതല പരിശോധന നടത്തിയ പഞ്ചായത്ത് | ഫീൽഡുതല പരിശോധനക്ക് തിരഞ്ഞെടുത്ത രോഗം | ഫീൽഡുതല പരിശോധന നടത്തിയ തീയതി |
|---|---|---|---|
| കോട്ടയം | കുമരകം | എലിപ്പനി | 25.09.2024, 26.09.2024 |
| ആലപ്പുഴ | ചേർത്തല സൗത്ത് | പക്ഷിപ്പനി | 26.09.2024 |
| ഇടുക്കി | കുമളി | സ്ക്രബ് ടൈഫസ് ( ചെള്ളുപനി ) | 30.09.2024 |
| പത്തനംതിട്ട | പ്രമാടം | ജലജന്യ രോഗങ്ങൾ | 30.09.2024 |

- കേരളത്തിലെ പകർച്ചവ്യാധികളിൽ മുൻഗണന നൽകേണ്ട എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സിക്ക, പക്ഷിപ്പനി, മസ്തിഷ്കജ്വരം, അതിസാരം, ജപ്പാൻജ്വരം, വെസ്റ്റ്നൈൽ ഫീവർ, കുരങ്ങുപനി, നിപ്പ തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള മാർഗ്ഗരേഖയാണ് തയ്യാറാക്കുന്നത്.

ഏകാരോഗ്യ സമീപനത്തിൽ ഊന്നിയുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാകുന്നതോടെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, വിവരകൈമാറ്റം, രോഗ നിയന്ത്രണ നടപടികൾ എന്നിവ സുഗമമാകും.

❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

❖ മന്ത്, മലേറിയ, ക്ഷയരോഗം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

❖ ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.

❖ എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

❖ എന്നാൽ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.

❖ കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.

❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.

❖ കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.

❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.

❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ

ജില്ലകളിലും നാഷണൽ ടുബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

### 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- നിലവിൽ സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

### 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം - ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.
- വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ

സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.

❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

❖ ഇതിനായി SHSRC യിൽ എത്തിക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.

❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.

❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.

❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം

ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.

- SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.
- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.
- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് 2024 ജൂലൈ 2 ന് പ്രാഥമിക യോഗം നടത്തുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 34 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 20 എണ്ണത്തിന്റെ വിവരശേഖരണവും ഡാറ്റാ അനാലിസിസും പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ ന്റെ ധനസഹായത്തോടെ 5 പദ്ധതികളും KSACS/NACO യുടെ ധനസഹായത്തോടെ 6 പദ്ധതികളും നടന്നു വരുന്നു.

### ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി

- നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.
- സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4565 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി ) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.
- ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല ഉദ്യോഗസ്ഥർക്കായി ശില്പശാല നടത്തി.
- ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.
- പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും

സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.

- ❖ വെൽ വുമൺ ക്ലിനിക്കുകൾ: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 വെൽ വുമൺ ക്ലിനിക്കുകൾ നടക്കുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 12 സ്ത്രീകളെങ്കിലും സേവനം തേടുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.
- ❖ ജീവിതശൈലി രോഗ ക്ലിനിക്കുകൾ: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 ജീവിതശൈലി രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 24 പേർ വീതം സേവനം തേടുന്നുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.
- ❖ പേഷ്യൻറ് ഗ്രൂപ്പ് മീറ്റിങ്ങുകൾ: ഒരു മാസത്തിൽ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 4 പേഷ്യൻറ് ഗ്രൂപ്പ് യോഗങ്ങളെങ്കിലും സംഘടിപ്പിച്ചു വരുന്നതായും ഒരു യോഗത്തിൽ ശരാശരി 15 പേരെങ്കിലും പങ്കെടുക്കുന്നുമുണ്ട്.
- ❖ ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ: ഒരു മാസത്തിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 106 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 149 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 50 ഭവന സന്ദർശനങ്ങളും നടത്തുന്നതായി ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.
- ❖ സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ

- സെപ്റ്റംബർ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 390 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. സെപ്റ്റംബർ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 1345 മിഷൻ യോഗങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 1170 യോഗങ്ങൾ സെപ്റ്റംബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 284 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 316 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 265 യോഗങ്ങളും, ജല ബജറ്റിനായി 49 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 17 യോഗങ്ങളും, പച്ചത്തുരുത്തിനായി 46 യോഗങ്ങളും, നീലക്കുറിഞ്ഞിക്കായി 2 യോഗങ്ങളും, മാതൃകാ തദ്ദേശസ്ഥാപനങ്ങൾക്കായി 25 യോഗങ്ങളും, തെങ്ങിന് തടം മണ്ണിന് ജലത്തിനായി 34 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 42 ജില്ലാ തല യോഗങ്ങളും 95 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 556 തദ്ദേശ സ്വയംഭരണ യോഗങ്ങളും 390 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 2658 ജനപ്രതിനിധികളും 4263 ഉദ്യോഗസ്ഥരും, 7402 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 14050 പേർ സെപ്റ്റംബർ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 3 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 381 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 24 പരിശീലനങ്ങൾ സെപ്റ്റംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 1412 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ 4801 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 17083 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## ത്രൈമാസ അവലോകനം – ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ

- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 5074 യോഗങ്ങൾ കഴിഞ്ഞ മൂന്ന് മാസങ്ങളിൽ നടന്നിട്ടുണ്ട്. ഇതിൽ 16409 ജനപ്രതിനിധികളും 27139 ഉദ്യോഗസ്ഥരും 67517 വിവിധ മേഖലയിൽ പെട്ട ജന വിഭാഗവും, ഭാഗഭാക്കായി. കഴിഞ്ഞ മൂന്ന് മാസങ്ങളിൽ നടന്നിട്ടുള്ള യോഗങ്ങളിൽ ആകെ 109684 പേർ പങ്കെടുത്തിട്ടുണ്ട്.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട യോഗങ്ങളിലാണ് ഏറ്റവും പ്രാതിനിധ്യം ഉണ്ടായത്. മൂന്ന് മാസങ്ങളിലായി 1289 യോഗങ്ങൾ നടന്നു. ഇതിൽ 5351 ജനപ്രതിനിധികൾ, 8529 ഉദ്യോഗസ്ഥർ 16016 മറ്റുള്ളവർ ഉൾപ്പെടെ 29397 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ഏറ്റവും കൂടുതൽ യോഗങ്ങൾ സംഘടിപ്പിച്ചതിട്ടുള്ളത് ഹരിത ഓഫീസുമായിട്ടാണ്. മൂന്ന് മാസങ്ങളിലായി 732 യോഗങ്ങൾ നടന്നു. ഇതിൽ 795 ജനപ്രതിനിധികൾ, 2394 ഉദ്യോഗസ്ഥർ 19549 മറ്റുള്ളവർ ഉൾപ്പെടെ 23321 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- വിദ്യാലയങ്ങളെ ഹരിത വിദ്യാലയമാകുന്നതുമായി ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 633 യോഗങ്ങൾ നടന്നു ഇതിൽ 1125 ജനപ്രതിനിധികൾ, 2925 ഉദ്യോഗസ്ഥർ 19549 മറ്റുള്ളവർ ഉൾപ്പെടെ 23321 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ജല ബജറ്റ് ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 314 യോഗങ്ങൾ നടന്നു ഇതിൽ 1680 ജനപ്രതിനിധികൾ, 2219 ഉദ്യോഗസ്ഥർ 1787 മറ്റുള്ളവർ ഉൾപ്പെടെ 5644 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളിൽ മൂന്ന് മാസങ്ങളിലായി 132 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 221 യോഗങ്ങൾ നടന്നു. ഇതിൽ 947 ജനപ്രതിനിധികൾ, 1025 ഉദ്യോഗസ്ഥർ 6268 മറ്റുള്ളവർ ഉൾപ്പെടെ 8236 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്. വലിയ തോതിലുള്ള പ്രാതിനിധ്യം ഈ വിഷയത്തിന് ജനങ്ങൾ നൽകുന്നു എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.
- നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളിൽ മൂന്ന് മാസങ്ങളിലായി 207 പഞ്ചായത്ത് തല കോർഗ്രൂപ് യോഗങ്ങൾ നടന്നു. ഇതിൽ 490 ജനപ്രതിനിധികൾ, 647 ഉദ്യോഗസ്ഥർ 1062 മറ്റുള്ളവർ ഉൾപ്പെടെ 2195 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.
- ഹരിത ചട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് മാസങ്ങളിലായി 76 യോഗങ്ങൾ നടന്നു ഇതിൽ 261 ജനപ്രതിനിധികൾ, 462 ഉദ്യോഗസ്ഥർ 1463 മറ്റുള്ളവർ ഉൾപ്പെടെ 2118 ജനങ്ങൾ പങ്കടുത്തിട്ടുണ്ട്.

## ഹരിതകേരളം മിഷൻ പദ്ധതികളുടെ ത്രൈമാസ പ്രവർത്തനങ്ങളുടെ സംഗ്രഹം

| സ്കീം / പ്രവർത്തിയുടെ പേര് | മാസം | നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപ്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളുള്ള ജനപങ്കാളിത്തം | ആകെ ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജില്ലാതലം | ബ്ലോക്ക് തലം | പഞ്ചായത്തുതലം | നഗരസഭാ/കോർപറേഷൻ തലം | സ്ഥാപനതലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| കളക്ടറുടെ ജില്ലാ യോഗം | ജൂലൈ | 4 | 0 | 0 | 0 | 0 | 4 | 0 | 69 | 5 | 74 | 0 | 0 | 0 | 0 | 18 | 45 | 119 |
| | ആഗസ്റ്റ് | 2 | 0 | 0 | 0 | 0 | 2 | 0 | 18 | 2 | 20 | 0 | 0 | 0 | 0 | 10 | 16 | 36 |
| | സെപ്റ്റംബർ | 6 | 0 | 0 | 0 | 0 | 6 | 25 | 103 | 52 | 180 | 0 | 0 | 0 | 0 | 0 | 0 | 180 |
| | ആകെ | 12 | 0 | 0 | 0 | 0 | 12 | 25 | 190 | 59 | 274 | 0 | 0 | 0 | 0 | 28 | 61 | 335 |
| ജില്ലാ മിഷൻ യോഗം | ജൂലൈ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | 6 | 6 |
| | ആഗസ്റ്റ് | 1 | 0 | 0 | 0 | 0 | 1 | 7 | 71 | 41 | 119 | 0 | 0 | 0 | 0 | 4 | 51 | 170 |
| | സെപ്റ്റംബർ | 1 | 0 | 0 | 0 | 0 | 1 | 8 | 34 | 4 | 46 | 0 | 0 | 0 | 0 | 8 | 0 | 46 |
| | ആകെ | 2 | 0 | 0 | 0 | 0 | 2 | 15 | 105 | 45 | 165 | 0 | 0 | 0 | 0 | 15 | 57 | 222 |
| തദ്ദേശ മിഷൻ യോഗം | ജൂലൈ | 0 | 7 | 115 | 7 | 0 | 129 | 1079 | 1486 | 512 | 3077 | 0 | 0 | 0 | 0 | 352 | 1032 | 4109 |
| | ആഗസ്റ്റ് | 2 | 0 | 46 | 1 | 0 | 49 | 316 | 465 | 172 | 953 | 0 | 0 | 0 | 0 | 36 | 120 | 1073 |
| | സെപ്റ്റംബർ | 1 | 0 | 2 | 0 | 0 | 3 | 17 | 59 | 14 | 83 | 0 | 0 | 0 | 0 | 5 | 0 | 83 |
| | ആകെ | 3 | 7 | 163 | 8 | 0 | 181 | 1412 | 2010 | 698 | 4113 | 0 | 0 | 0 | 0 | 393 | 1152 | 5265 |
| മാലിന്യ സംസ്കരണം | ജൂലൈ | 37 | 138 | 365 | 49 | 65 | 654 | 3134 | 5255 | 10293 | 18682 | 260 | 15140 | 22 | 1847 | 2045 | 12093 | 47762 |
| | ആഗസ്റ്റ് | 25 | 39 | 227 | 22 | 6 | 319 | 1580 | 2332 | 3512 | 7081 | 263 | 14115 | 12 | 677 | 905 | 7245 | 29118 |
| | സെപ്റ്റംബർ | 11 | 30 | 155 | 25 | 95 | 316 | 637 | 942 | 2211 | 3634 | 0 | 0 | 10 | 783 | 917 | 3463 | 7880 |
| | ആകെ | 73 | 207 | 747 | 96 | 166 | 1289 | 5351 | 8529 | 16016 | 29397 | 523 | 29255 | 44 | 3307 | 3867 | 22801 | 84760 |
| ഹരിത വിദ്യാലയം | ജൂലൈ | 2 | 7 | 52 | 14 | 96 | 171 | 245 | 857 | 2030 | 3132 | 2 | 78 | 3 | 75 | 355 | 2457 | 5742 |
| | ആഗസ്റ്റ് | 1 | 13 | 37 | 31 | 115 | 197 | 578 | 1428 | 16380 | 18016 | 2 | 164 | 5 | 248 | 359 | 2085 | 20513 |
| | സെപ്റ്റംബർ | 3 | 9 | 118 | 16 | 119 | 265 | 402 | 640 | 1139 | 2173 | 0 | 0 | 8 | 377 | 598 | 1355 | 3905 |
| | ആകെ | 6 | 29 | 207 | 61 | 330 | 633 | 1225 | 2925 | 19549 | 23321 | 4 | 242 | 16 | 700 | 1312 | 5897 | 30160 |
| ഹരിത ഓഫീസ് | ജൂലൈ | 5 | 7 | 53 | 20 | 248 | 333 | 344 | 1138 | 634 | 2116 | 0 | 0 | 4 | 68 | 624 | 1348 | 3532 |
| | ആഗസ്റ്റ് | 0 | 17 | 33 | 11 | 54 | 115 | 131 | 334 | 308 | 751 | 3 | 38 | 2 | 74 | 473 | 757 | 1620 |
| | സെപ്റ്റംബർ | 7 | 20 | 105 | 21 | 131 | 284 | 320 | 922 | 1118 | 2358 | 0 | 0 | 2 | 75 | 808 | 1503 | 3936 |
| | ആകെ | 12 | 44 | 191 | 52 | 433 | 732 | 795 | 2394 | 2060 | 5225 | 3 | 38 | 8 | 217 | 1905 | 3608 | 9088 |
| ഹരിത ടൂറിസം | ജൂലൈ | 0 | 4 | 24 | 1 | 2 | 31 | 117 | 160 | 70 | 347 | 0 | 0 | 0 | 0 | 131 | 451 | 798 |
| | ആഗസ്റ്റ് | 1 | 4 | 21 | 2 | 5 | 33 | 129 | 140 | 134 | 376 | 0 | 0 | 1 | 43 | 123 | 446 | 865 |
| | സെപ്റ്റംബർ | 3 | 6 | 22 | 9 | 10 | 50 | 128 | 226 | 201 | 555 | 0 | 0 | 0 | 0 | 159 | 1057 | 1612 |
| | ആകെ | 4 | 14 | 67 | 12 | 17 | 114 | 374 | 526 | 405 | 1278 | 0 | 0 | 1 | 43 | 413 | 1954 | 3275 |
| മാപത്തോൺ | ജൂലൈ | 0 | 2 | 27 | 1 | 0 | 30 | 212 | 114 | 55 | 381 | 0 | 0 | 0 | 0 | 87 | 312 | 693 |
| | ആഗസ്റ്റ് | 0 | 2 | 5 | 0 | 0 | 7 | 26 | 41 | 31 | 98 | 1 | 32 | 0 | 0 | 12 | 23 | 153 |
| | സെപ്റ്റംബർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 18 | 126 | 126 |
| | ആകെ | 0 | 4 | 32 | 1 | 0 | 37 | 238 | 155 | 86 | 479 | 1 | 32 | 0 | 0 | 117 | 461 | 972 |
| ജല ബജറ്റ് | ജൂലൈ | 1 | 39 | 110 | 1 | 6 | 157 | 897 | 1322 | 486 | 2705 | 5 | 118 | 13 | 133 | 783 | 848 | 3804 |
| | ആഗസ്റ്റ് | 1 | 24 | 78 | 3 | 2 | 108 | 512 | 653 | 300 | 1423 | 0 | 0 | 8 | 401 | 534 | 944 | 2768 |
| | സെപ്റ്റംബർ | 0 | 8 | 29 | 0 | 12 | 49 | 271 | 244 | 1001 | 1516 | 0 | 0 | 0 | 0 | 231 | 338 | 1854 |
| | ആകെ | 2 | 71 | 217 | 4 | 20 | 314 | 1680 | 2219 | 1787 | 5644 | 5 | 118 | 21 | 534 | 1548 | 2130 | 8426 |
| നീരുറവ് | ജൂലൈ | 1 | 9 | 29 | 2 | 0 | 41 | 155 | 224 | 130 | 509 | 0 | 0 | 0 | 0 | 116 | 236 | 745 |
| | ആഗസ്റ്റ് | 1 | 3 | 19 | 0 | 13 | 36 | 77 | 114 | 68 | 259 | 0 | 0 | 0 | 0 | 126 | 267 | 526 |
| | സെപ്റ്റംബർ | 0 | 1 | 6 | 1 | 0 | 8 | 16 | 64 | 12 | 92 | 0 | 0 | 0 | 0 | 35 | 18 | 110 |
| | ആകെ | 2 | 13 | 54 | 3 | 13 | 85 | 248 | 402 | 210 | 860 | 0 | 0 | 0 | 0 | 277 | 521 | 1381 |
| നീരുറവ് /ജലബജറ്റ് സാങ്കേതിക സമിതി | ജൂലൈ | 2 | 3 | 14 | 0 | 0 | 19 | 36 | 78 | 48 | 162 | 0 | 0 | 0 | 0 | 47 | 112 | 274 |
| | ആഗസ്റ്റ് | 0 | 5 | 13 | 0 | 0 | 18 | 102 | 103 | 81 | 200 | 0 | 0 | 0 | 0 | 14 | 41 | 241 |
| | സെപ്റ്റംബർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 5 | 5 |
| | ആകെ | 2 | 8 | 27 | 0 | 0 | 37 | 138 | 181 | 129 | 362 | 0 | 0 | 0 | 0 | 71 | 158 | 520 |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| യോഗം | | | | | | | | | | | | | | | | | | |
| ജലഗു | ജൂലൈ | 4 | 8 | 76 | 0 | 31 | 119 | 446 | 569 | 3646 | 4661 | 18 | 1265 | 23 | 1316 | 261 | 1938 | 9180 |
| ണനില | ആഗസ്റ്റ് | 2 | 0 | 10 | 1 | 7 | 20 | 38 | 119 | 364 | 521 | 0 | 0 | 2 | 53 | 109 | 181 | 755 |
| വാര | സെപ്റ്റംബർ | 0 | 0 | 3 | 0 | 0 | 3 | 0 | 16 | 12 | 28 | 0 | 0 | 1 | 27 | 84 | 98 | 153 |
| ലാബ് | ആകെ | 6 | 8 | 89 | 1 | 38 | 142 | 484 | 704 | 4022 | 5210 | 18 | 1265 | 26 | 1396 | 454 | 2217 | 10088 |
| പാറക്വാ | ജൂലൈ | 3 | 3 | 24 | 2 | 0 | 32 | 77 | 150 | 213 | 440 | 5 | 235 | 0 | 0 | 110 | 711 | 1386 |
| റി | ആഗസ്റ്റ് | 0 | 0 | 1 | 0 | 0 | 1 | 4 | 4 | 0 | 8 | 0 | 0 | 0 | 0 | 22 | 3 | 11 |
| പ്രവ | സെപ്റ്റംബർ | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 6 | 2 | 2 |
| ർത്തന ങ്ങൾ | ആകെ | 3 | 3 | 25 | 2 | 0 | 33 | 81 | 154 | 213 | 448 | 5 | 235 | 0 | 0 | 138 | 716 | 1399 |
| | ജൂലൈ | 0 | 5 | 98 | 4 | 14 | 121 | 472 | 453 | 2098 | 3023 | 0 | 0 | 0 | 0 | 275 | 1595 | 4618 |
| നെറ്റ് | ആഗസ്റ്റ് | 0 | 3 | 65 | 9 | 9 | 86 | 398 | 514 | 4081 | 4989 | 4 | 194 | 25 | 1841 | 333 | 2085 | 9109 |
| സീറോ | സെപ്റ്റംബർ | 1 | 0 | 8 | 0 | 5 | 14 | 77 | 58 | 89 | 224 | 1 | 289 | 1 | 80 | 116 | 310 | 903 |
| | ആകെ | 1 | 8 | 171 | 13 | 28 | 221 | 947 | 1025 | 6268 | 8236 | 5 | 483 | 26 | 1921 | 724 | 3990 | 14630 |
| നെറ്റ് | ജൂലൈ | 2 | 11 | 105 | 16 | 55 | 189 | 421 | 549 | 918 | 1888 | 0 | 0 | 0 | 0 | 672 | 2216 | 4104 |
| സീറോ | ആഗസ്റ്റ് | 1 | 0 | 14 | 0 | 0 | 15 | 53 | 84 | 130 | 263 | 0 | 0 | 0 | 0 | 106 | 42 | 305 |
| പഞ്ചാ | സെപ്റ്റംബർ | 1 | 0 | 2 | 0 | 0 | 3 | 16 | 14 | 14 | 44 | 0 | 0 | 0 | 0 | 16 | 130 | 174 |
| യത്ത് തല കോർ ഗ്രൂപ് | ആകെ | 4 | 11 | 121 | 16 | 55 | 207 | 490 | 647 | 1062 | 2195 | 0 | 0 | 0 | 0 | 794 | 2388 | 4583 |
| ഹരിത | ജൂലൈ | 1 | 2 | 12 | 1 | 32 | 48 | 83 | 188 | 135 | 406 | 0 | 0 | 0 | 0 | 64 | 229 | 635 |
| സമൃദ്ധി | ആഗസ്റ്റ് | 0 | 4 | 58 | 3 | 10 | 75 | 246 | 348 | 632 | 1201 | 0 | 0 | 0 | 0 | 234 | 827 | 2028 |
| വാർഡ് / | സെപ്റ്റംബർ | 0 | 2 | 22 | 2 | 2 | 28 | 70 | 107 | 147 | 314 | 0 | 0 | 0 | 0 | 60 | 126 | 440 |
| തരിശു രഹിത ഗ്രാമം | ആകെ | 1 | 8 | 92 | 6 | 44 | 151 | 399 | 643 | 914 | 1921 | 0 | 0 | 0 | 0 | 358 | 1182 | 3103 |
| | ജൂലൈ | 4 | 6 | 27 | 1 | 2 | 40 | 192 | 482 | 328 | 1002 | 3 | 110 | 0 | 0 | 165 | 555 | 1667 |
| പച്ചത്തു | ആഗസ്റ്റ് | 1 | 7 | 60 | 11 | 49 | 128 | 208 | 370 | 980 | 1549 | 0 | 0 | 0 | 0 | 1125 | 1608 | 3157 |
| രുത്ത് | സെപ്റ്റംബർ | 0 | 4 | 31 | 7 | 4 | 46 | 117 | 141 | 200 | 456 | 0 | 0 | 0 | 0 | 116 | 1116 | 1572 |
| | ആകെ | 5 | 17 | 118 | 19 | 55 | 214 | 517 | 993 | 1508 | 3007 | 3 | 110 | 0 | 0 | 1406 | 3279 | 6396 |
| ഗ്രീൻ | ജൂലൈ | 0 | 0 | 11 | 0 | 0 | 11 | 77 | 91 | 28 | 196 | 0 | 0 | 0 | 0 | 23 | 106 | 302 |
| പ്രോട്ടോ | ആഗസ്റ്റ് | 2 | 2 | 17 | 9 | 18 | 48 | 122 | 248 | 1254 | 1572 | 0 | 0 | 2 | 210 | 67 | 1591 | 3373 |
| ക്കോൾ | സെപ്റ്റംബർ | 2 | 0 | 7 | 0 | 8 | 17 | 62 | 123 | 181 | 350 | 0 | 0 | 0 | 0 | 844 | 5351 | 5701 |
| | ആകെ | 4 | 2 | 35 | 9 | 26 | 76 | 261 | 462 | 1463 | 2118 | 0 | 0 | 2 | 210 | 934 | 7048 | 9376 |
| തനതു | ജൂലൈ | 0 | 0 | 7 | 3 | 8 | 18 | 17 | 44 | 67 | 128 | 0 | 0 | 0 | 0 | 92 | 145 | 273 |
| പ്രവർ | ആഗസ്റ്റ് | 11 | 10 | 15 | 3 | 5 | 44 | 278 | 391 | 243 | 912 | 8 | 1580 | 0 | 0 | 55 | 2054 | 4546 |
| ത്തനം | സെപ്റ്റംബർ | 3 | 4 | 5 | 3 | 1 | 16 | 38 | 183 | 124 | 345 | 2 | 92 | 2 | 70 | 144 | 400 | 907 |
| | ആകെ | 14 | 14 | 27 | 9 | 14 | 78 | 333 | 618 | 434 | 1385 | 10 | 1672 | 2 | 70 | 291 | 2599 | 5726 |
| | ജൂലൈ | 0 | 1 | 2 | 0 | 29 | 32 | 48 | 261 | 3347 | 3656 | 0 | 0 | 0 | 0 | 30 | 3534 | 7190 |
| നീലക്കു | ആഗസ്റ്റ് | 0 | 0 | 18 | 1 | 10 | 29 | 64 | 496 | 5344 | 5844 | 0 | 0 | 0 | 0 | 15 | 2130 | 7974 |
| റിഞ്ഞി | സെപ്റ്റംബർ | 0 | 0 | 0 | 0 | 2 | 2 | 0 | 10 | 2 | 12 | 0 | 0 | 0 | 0 | 8 | 68 | 80 |
| | ആകെ | 0 | 1 | 20 | 1 | 41 | 63 | 112 | 767 | 8693 | 9512 | 0 | 0 | 0 | 0 | 53 | 5732 | 15244 |
| മാതൃകാ | ജൂലൈ | 0 | 2 | 59 | 1 | 55 | 117 | 288 | 424 | 286 | 998 | 0 | 0 | 0 | 0 | 678 | 1303 | 2301 |
| തദ്ദേശ | ആഗസ്റ്റ് | 0 | 3 | 44 | 2 | 65 | 114 | 77 | 121 | 216 | 414 | 0 | 0 | 0 | 0 | 546 | 612 | 1026 |
| സ്ഥാപന | സെപ്റ്റംബർ | 0 | 1 | 21 | 2 | 1 | 25 | 169 | 122 | 101 | 338 | 0 | 0 | 0 | 0 | 239 | 348 | 686 |
| ങ്ങൾ | ആകെ | 0 | 6 | 124 | 5 | 121 | 256 | 534 | 667 | 603 | 1750 | 0 | 0 | 0 | 0 | 1463 | 2263 | 4013 |
| തെങ്ങി | ജൂലൈ | 3 | 5 | 55 | 1 | 2 | 66 | 160 | 205 | 80 | 445 | 1 | 25 | 0 | 0 | 210 | 341 | 811 |
| ന് തടം | ആഗസ്റ്റ് | 3 | 16 | 73 | 2 | 3 | 97 | 305 | 363 | 433 | 1037 | 0 | 0 | 0 | 0 | 398 | 1178 | 2215 |
| മണ്ണിന് | സെപ്റ്റംബർ | 3 | 10 | 20 | 1 | 0 | 34 | 285 | 255 | 780 | 1302 | 0 | 0 | 0 | 0 | 379 | 1269 | 2571 |
| ജലം | ആകെ | 9 | 31 | 148 | 4 | 5 | 197 | 750 | 823 | 1293 | 2784 | 1 | 25 | 0 | 0 | 987 | 2788 | 5597 |
| | ജൂലൈ | 69 | 259 | 1265 | 124 | 645 | 2362 | 8500 | 14119 | 25409 | 48028 | 294 | 16971 | 65 | 3439 | 7141 | 31613 | 100051 |
| | ആഗസ്റ്റ് | 54 | 152 | 854 | 111 | 371 | 1542 | 5251 | 8757 | 34706 | 47606 | 281 | 16123 | 57 | 3547 | 5606 | 24306 | 91582 |
| ആകെ | സെപ്റ്റംബർ | 42 | 95 | 556 | 87 | 390 | 1170 | 2658 | 4263 | 7402 | 14050 | 3 | 381 | 24 | 1412 | 4801 | 17083 | 32926 |
| | ആകെ | 165 | 506 | 2675 | 322 | 1406 | 5074 | 16409 | 27139 | 67517 | 109684 | 578 | 33475 | 146 | 8398 | 17548 | 73002 | 224559 |